കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർത്തല നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ജി.എ5-1256/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 21.10.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചേർത്തല നഗരസഭ

സർ,

വിഷയം : ചേർത്തല നഗരസഭ- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ജി.എ5-1256/2017 തീയതി, 21.10.2017

## ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം - വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.01.2017 മുതൽ 18.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.ആർ.അശോകൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.09.2017 മുതൽ 28.09.2017 വരെ | ശ്രീ.രാജീവ് ആർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.സുരേഷ് എസ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രശോഭൻ കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് കെ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പുഷ്പരാജ് വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.ചെയർമാൻ

| | | |
|---|---|---|
| | ശ്രീ. ഐസക് മാടവന | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ശ്രീകാന്ത് എ. എസ് | 01.04.2016 മുതൽ 20.08.2016 വരെ |
| 2 | ശ്രീ.ടോമി പി.ജെ(സൂപ്രണ്ട്) | 21.08.2016 മുതൽ 25.08.2016 വരെ |
| 3 | ശ്രീ.ജെ മുഹമ്മദ് ഷാഫി | 26.08.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ശ്രീലേഖ നായർ | 01.04.2016 - 31.03.17 |
| 2 | വികസനകാര്യം | അഡ്വ.പി.ഉണ്ണികൃഷ്ണൻ | 01.04.2016 - 31.03.17 |
| 3 | ക്ഷേമകാര്യം | ശ്രീമതി. സിന്ധ്യ ബൈജു | 01.04.2016 - 31.03.17 |
| 4 | ആരോഗ്യകാര്യം | ശ്രീ. വി.റ്റി.ജോസഫ് | 01.04.2016 - 31.03.17 |
| 5 | പൊതുമരാമത്ത് | ശ്രീമതി. ലീന എൻ. | 01.04.2016 - 31.03.17 |
| 6 | വിദ്യാഭ്യാസം കലാ-കായികം | ശ്രീ. ബി. ഭാസി | 01.04.2016 - 31.03.17 |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | അഗ്രി.ഫീൽഡ് ഓഫീസർ | ശ്രീ.ഐ.മുഹമ്മദ് കോയ | 01.04.2016 -31.05.2016 |
| | | ശ്രീ. സാബു പി.എ. | 01.06.2016- 27.08.2016 |
| | | ശ്രീ. ഭാസ്കരൻ ബി. | 14.11.2016 -31.01.2017 |
| | | ശ്രീ. സൈജു വി. | 28.08.2016-13.11.2016 & 01.02.2017-31.03.2017 |
| 2 | സീനിയർ വെറ്ററിനറി സർജൻ | ഡോ.സലിം ചെല്ലപ്പൻ | 01.04.2016 -31.03.2017 |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഇന്ദിര എ. | 01.04.2016 -20.10.2016 |
| | | ശ്രീമതി.ആഷാ റാണി പി.എസ്. | 21.10.2016 -31.03.2017 |
| 4 | എസ്.സി.ഡി.ഒ | ശ്രീമതി.സിന്ധു.പി.ഐ. | 01.04.2016 -31.03.2017 |
| 5 | മെഡിക്കൽ ഓഫീസർ, (അലോപ്പതി) | ഡോ.ഷബ്ന ഡി.എസ്. | 01.04.2016 -15.02.2017 |
| | | ഡോ. അനിൽ വിൻസന്റ് | 16.02.2017-31.03.2017 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഉഷ ആർ. | 01.04.2016 -31.03.2017 |

| | | | |
|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സതീഷ് കുമാർ കെ.ആർ. | 01.04.2016 -17.01.2017 എഫ്.എൻ. |
| | | ഡോ. പി. അനിത | 17.01.2017 എ.എൻ.- 31.03.2017 |
| 8 | പ്രിൻസിപ്പൽ ഗവ.എച്ച്.എസ്. എസ് | ശ്രീമതി. രശ്മി കെ. | 01.04.2016-31.01.2017 |
| | | ശ്രീമതി. ഐ. രാജശ്രീ | 01.02.2017-31.03.2017 |
| 9 | മുനിസിപ്പൽ എൻജിനീയർ | ശ്രീ.കെ.സുഗുണൻ, | 01.04.2016 -31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തനത് വരുമാനം |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2 |
| 11 | 2-1 | വസ്തുനികുതി പരിഷ്കരണം -നടപ്പാക്കാത്തതു മൂലം വരുമാനനഷ്ടം |
| 12 | 2-2 | വസ്തുനികുതി നൽകാതെ കെട്ടിടം അനധികൃതമായി ഉപയോഗിക്കുന്നു. |
| 13 | 2-3 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല. |
| 14 | 2-4 | ഡി &ഒ.ലൈസൻസ് എടുക്കാതെയും സമയബന്ധിതമായി പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 15 | 2-5 | വസ്തുനികുതി പരിഷ്കരണം-നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം വരുമാന നഷ്ടം |
| 16 | 2-6 | തൊഴിൽ നികുതി |
| 17 | 2-7 | ഓൺ ലൈൻ ടിക്കറ്റുകൾ വഴി പ്രവേശിപ്പിച്ച ടിക്കറ്റുകളുടെ വിനോദ നികുതി ഈടാക്കുന്നില്ല. |
| 18 | 2-8 | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല |
| 19 | 2-9 | വാടക കുടിശ്ശിക 50 ലക്ഷത്തിനുമേൽ |
| 20 | 2-10 | കുത്തകപ്പാട്ട ലേലം- ലേലക്കാരിൽ നിന്നും തുക പൂർണമായും ഈടാക്കിയില്ല. |
| 21 | 2-11 | ഓഡിറ്റ് ഇംപാക്ട് - കളക്ഷൻ തുക പൂർണ്ണമായും ഒടുക്കാതിരുന്നത് ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ഒടുക്കു വരുത്തി |

| | | |
|---|---|---|
| ഭാഗം 3 | | |
| 22 | 3-1 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല- കുടിശ്ശിക വർദ്ധിച്ച് നഗരസഭയ്ക്ക് വൻ ബാധ്യത |
| 23 | 3-2 | കറന്റ് ചാർജ് കുടിശ്ശിക നൽകിയത് -വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല |
| 24 | 3-3 | തൊഴിൽ രഹിത വേതനം - അധിക തുക വിതരണം ചെയ്തു. |
| 25 | 3-4 | മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് HQ ആശുപത്രി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ |
| 26 | 3-5 | റോഡ് റോളർ ലേലം-നിയമാനുസൃത നിരക്കിൽ മൂല്യവർദ്ധിത നികുതി അടവാക്കിയില്ല. |
| 27 | 3-6 | നഗരസഭയിലെ മോട്ടോർ വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല. |
| 28 | 3-7 | പെൻഷൻ അംശദാനം ഒടുക്കാത്തതു മൂലം തനതുഫണ്ടിന് അധിക ബാധ്യത |
| 29 | 3-8 | കുത്തവകാശത്തിനു നൽകിയ പാർക്കിംഗ് ഏരിയ കിസ്റ്റ് തുക - ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കാതെ തനതു ഫണ്ടിൽ നിന്നും ഒടുക്കി. |
| 30 | 3-9 | സമഗ്ര തെങ്ങ് കൃഷി വികസനം- മത്സ്യവളത്തിന് ഉയർന്ന നിരക്ക് ഈടാക്കി - അധികം നൽകിയത് - 75200/- |
| 31 | 3-10 | സമഗ്ര നെൽകൃഷി - പച്ചക്കറി വികസനം - സബ്സിഡി കൂടുതലായി അനുവദിച്ചു - നഷ്ടം 4080/- |
| 32 | 3-11 | കാർഷിക പ്രോജക്ടുകളുടെ നിർവ്വഹണം - വിതരണരേഖകൾ അപൂർണം -48900/- തടസ്സപ്പെടുത്തുന്നു. |
| 33 | 3-12 | സബ്സിഡി ബാങ്ക് അക്കൗണ്ട് മുഖേന നൽകിയില്ല - ജൈവവളം വാങ്ങി വിതരണം ചെയ്തത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം |
| 34 | 3-13 | ഗവ. ടൗൺ എൽ.പി. സ്കൂൾ അറ്റകുറ്റപണി-അപാകതകൾ |
| 35 | 3-14 | കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു |
| 36 | 3-15 | ദേശീയപാതയിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്ഥാപിക്കാത്ത ഒരു ലൈറ്റിന്റെ വില അധികമായി നൽകി - 11 എണ്ണം തെളിയുന്നില്ല -കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല |
| 37 | 3-16 | സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു |
| 38 | 3-17 | DRmasonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ഉയർന്ന നിരക്ക് അനുവദിച്ചു. |
| 39 | 3-18 | സബ്സിഡി കൈപ്പറ്റിയ ഗ്രൂപ്പുകൾ തുടർപ്രവർത്തനം നടത്തുന്നില്ല- തുക തടസ്സപ്പെടുത്തുന്നു |
| 40 | 3-19 | ഭവനനിർമ്മാണം- പൂർത്തീകരണ വിവരമില്ല – മുഴുവൻ തുകയും നൽകി |
| 41 | 3-20 | ആദ്യ ഗഡു കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 42 | 3-21 | തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 43 | 3-22 | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ-(പ്രോജക്ട് നം. S094/17)സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല |
| 44 | 3-23 | സാനിറ്ററി ലാന്റ് ഫില്ലിംഗ്.(പ്രോജക്ട് നം. S095/17) ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല |
| 45 | 3-24 | വിവിധ പ്രോജക്ടുകളിലായി മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 46 | 3-25 | മുൻകൂർ തുകകൾ ക്രമീകരിക്കാനനവശേഷിക്കുന്നു |
| ഭാഗം 4 | | |
| 47 | 4-1 | വാർഷിക കണക്ക് പരിശോധന |

| | | |
|---|---|---|
| 48 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 49 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 50 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 51 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 52 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 53 | 4-7 | ഓഡിറ്റ് റിക്കവറി |
| 54 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 55 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 56 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 57 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 58 | അനുബന്ധം-2 | . |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.02.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 580802303 | 554718200 |
| വാർഷിക കണക്ക് പ്രകാരം | 198839383 | 171960102 |

കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2015-16) യഥാർത്ഥ വരവ് 14 കോടിയോടടുത്ത് മാത്രമാണുള്ളത്. എന്നാൽ 2016-17-ലെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 58 കോടിയോളമാണ്. കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയാറാക്കിയിട്ടുള്ളത്. തൻവർഷത്തെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവും ചെലവും കാണിക്കുന്ന ചാർട്ട് താഴെ കൊടുക്കുന്നു.




മേൽ പ്രസ്താവിച്ചതിൽ നിന്നും നഗരസഭാ ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലായെന്ന് വ്യക്തമാകുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 11.08.2017 |

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) ഓഡിറ്റിനു സമർപ്പിക്കണം. എന്നാൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞ് 11.08.2017 ലാണ് ലഭ്യമാക്കിയത്. വാർഷിക കണക്കുകൾ സമയപരിധിയ്ക്കുള്ളിൽ ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3,93,37,908 | 3,42,19,710 | 86.99 |
| വികസനഫണ്ട് എസ്.സി.പി. | 51,68,808 | 35,07,500 | 67.86 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1,02,04,566 | 50,18,450 | 49.17 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1,09,84,942 | 54,18,566 | 49.32 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,11,61,269 | 3,47,96,262 | 68.01 |
| പെർഫോമൻസ് ഗ്രാന്റ് | 1,36,56,700 | 59,44,653 | 43.53 |
| ബി ഫണ്ട് | 89,84,505 | 89,84,505 | 100 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 34,17,424/- | 9,22,013 | 27 |
| | (മുന്നിരിപ്പ് 9,11,691/- രൂപയും 16233/-രൂപ പലിശ വരവും ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 24,95,411/- രൂപ) |

ആകെ അലോട്ടുമെന്റ് തുകയായ 14.29 കോടി രൂപയിൽ 9.88കോടി (60%) മാത്രമാണ് ചെലവ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 205 | 181650991 | 98 | 88905141 | 23 | 84 | 47.80 |

പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ 47.80% എന്ന കുറഞ്ഞ ശതമാനത്തിന് പുറമേ പദ്ധതി അടങ്കൽ തുകയുടെ 48.9% മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് എന്നത് ഗൗരവമായി കാണേണ്ടതാണ്. പദ്ധതി വിനിയോഗത്തിലെ കുറവ്, പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21.54 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 27524819 | 32547489 | 5022670 | 18.25 |
| നികുതിയേതര വരവുകൾ | 12298569 | 13513465 | 1214896 | 9.88 |
| മറ്റ് വരവുകൾ | 2260688 | 5086206 | 2825518 | 124.98 |
| ആകെ | 42084076 | 51147160 | 9063084 | 21.54 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1282080 | 680 |
| കർഷകതൊഴിലാളി പെൻഷൻ | 921000 | 416 |
| വിധവാപെൻഷൻ | 2295050 | 1167 |
| വാർദ്ധക്യകാല പെൻഷൻ | 3210325 | 1625 |
| വികലാംഗപെൻഷൻ | 1003050 | 468 |
| അവിവാഹിതപെൻഷൻ | 273000 | 136 |
| ആകെ | 8984505 | 4492 |

ഗ്രാമപഞ്ചായത്ത് തൻവർഷം 4492 ഗുണഭോക്താക്കൾക്ക് ക്ഷേമ പദ്ധതികൾക്കായി 8984505/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2017 ഉച്ച തിരിഞ്ഞ് 3.00 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1,30,098/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബിൽ കളക്ടർമാർ കൈവശം സൂക്ഷിക്കുന്ന ഹാൻഡ് ബുക്കാണ് പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതിയുടെ ആധികാരിക രേഖയായി നിലവിലുള്ളത്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയർ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ല. നഗരസഭയിലെ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം 01/04/2013 പ്രാബല്യത്തിൽ നടത്തേണ്ടതായിരുന്നു. എന്നാൽ ഇതുവരെ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല.നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ-രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല. നഗരസഭാ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ കൃത്യമായി ഉപരി പരിശോധനയ്ക്ക് വിധേയമാക്കി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. തനത് ഫണ്ട് വൌച്ചറുകൾ കൃത്യമായി നമ്പറിംഗ് നടത്തി ബൈൻഡ് ചെയ്ത് ക്രമ പ്രകാരം സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്.

ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.02.2011 | 2009-10 | 11.02.2011 | 2011- ന ശേഷം പെർഫോർമൻസ് ഓഡിറ്റ് നടന്നിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.05.2015 -25.05.2015 | 2012-13, 2013-14 &2014-15 | 16.06.2016 | |

കഴിഞ്ഞ 6 വർഷത്തിലധികമായി പെർഫോമൻസ് ഓഡിറ്റ് നടത്താതിരിക്കുന്നത് നഗരകാര്യവകുപ്പിന്റെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണം -നടപ്പാക്കാത്തതു മൂലം വരുമാനനഷ്ടം

2011ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ചേർത്തല നഗരസഭയിലെ അടിസ്ഥാനവസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൗൺസിലിന്റെ 29-12-2011 ലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം ഇറക്കിയിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് 14.01.2011മുതലും പഴയ കെട്ടിടങ്ങൾക്ക് 01.04.2013 മുതലുമാണ് പുതുക്കിയ നിരക്കുകൾ ബാധകമാകുന്നത്. എന്നാൽ 01.04.2013 മുതൽ പരിഷ്കരിക്കേണ്ട പഴയകെട്ടിടങ്ങളുടെ നികുതി നാളിതുവരെ നഗരസഭ പരിഷ്കരിച്ചിട്ടില്ല. നികുതി പരിഷ്കരണത്തിനുള്ള കാലാവധി സർക്കാർ പലതവണ നീട്ടിനൽകിയിട്ടും നികുതി പരിഷ്കരണം പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമല്ല. തദ്ദേശസ്ഥാപനങ്ങളുടെ നികുതി വിവരങ്ങൾ പൂർണ്ണമായും കംപ്യൂട്ടർവത്ക്കരിക്കുകയും ഓൺലൈനായി നികുതി സ്വീകരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമ്പോൾ ചേർത്തല നഗരസഭയിലെ പഴയ കെട്ടിടങ്ങളുടേയോ പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടേയോ അടിസ്ഥാനവിവരങ്ങളോ നികുതിയോ സോഫ്റ്റ്വെയറിൽ ലഭ്യമല്ല. ഇത് മൂലം നഗരസഭക്ക് നികുതി ഇനത്തിൽ ലഭിക്കേണ്ട തുക, കുടിശ്ശിക എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം, നികുതി വിവരങ്ങളുടെ കംപ്യൂട്ടർവത്ക്കരണം എന്നിവ പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം നഗരസഭ ലഭ്യമാക്കിയില്ല. വസ്തുനികുതി, അനുബന്ധവിവരങ്ങളുടെ ഡാറ്റാ എൻട്രിയോ കുടിശ്ശിക നികുതി വിവരങ്ങളുടെ രേഖപ്പെടുത്തലോ നടക്കാത്തതുമൂലം കൃത്യമായി നികുതി അടക്കാത്തവരെ

സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയാണ്. കംപ്യൂട്ടർ വത്ക്കരണം നടപ്പാക്കൽ മാത്രമാണ് നികുതി ചോർച്ച തടയാനുള്ള എളുപ്പവും കാര്യക്ഷമവുമായ മാർഗ്ഗം എന്നിരിക്കെ ഇക്കാര്യത്തിൽ വരുത്തുന്ന അനാവശ്യമായ കാലതാമസം ഗൗരവതരമാണ്. പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം, നികുതി വിവരങ്ങളുടെ കംപ്യൂട്ടർവത്ക്കരണം എന്നിവ പൂർത്തീകരിക്കുന്നതിന് അതീവ പ്രാധാന്യം നൽകി നടപ്പിലാക്കാൻ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നൽകാതെ കെട്ടിടം അനധികൃതമായി ഉപയോഗിക്കുന്നു.

ചേർത്തല നഗരസഭ 11 വാർഡിൽ ശ്രീ.ജോസ് ജെ പൊന്നേഴത്ത് & ശ്രീ. സേവ്യർ ജെ പൊന്നേഴത്ത്, പൊന്നേഴത്ത്, സി.എം.സി 11 എന്നിവരുടെ ഉടമസ്ഥതയിലുള്ള V/284 A,B,C നമ്പർ കെട്ടിടത്തിന്റെ ട്രസ്സ് വർക്ക് ചെയ്യുന്നതിനായി 06.05.2016 ലെ ബി.എ 50/2016 നം കത്ത് പ്രകാരം പെർമിറ്റ് നൽകിയിരുന്നു. 1328 ച.മീ വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടത്തിൽ 633 ച.മീ ട്രസ്സ് വർക്ക് ചെയ്യുന്നതിനാണ് അനുമതി നൽകിയത്. നഗരസഭ നൽകിയ കെട്ടിട നിർമ്മാണ അനുമതി പത്രത്തിൽ ട്രസ്സ് വർക്ക് ചെയ്യുന്ന ഭാഗം കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ലെ ഗണം എ1 മുതൽ ഐ വരെയുള്ള യാതൊരു ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തരുത് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കെട്ടിടനിർമ്മാണ അനുമതിക്ക് വിരുദ്ധമായി ട്രസ്സ് ചെയ്ത ഭാഗം V/284 A,B,C നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഗൃഹോപകരണ വിൽപ്പനശാലയുടെ ഗോഡൗണായി ഉപയോഗിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. നഗരസഭയുടെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനപ്രകാരം 100 ച.മീ ന് മുകളിലുള്ള ഗോഡൗണുകൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപ പ്രകാരം വസ്തുനികുതി നൽകേണ്ടതാണ്. ഇതു പ്രകാരം 633 ച.മീ കെട്ടിടഭാഗത്തിന് 80 രൂപ നിരക്കിലെ വസ്തുനികുതിയും കെട്ടിടനിർമ്മാണ അനുമതിക്ക് വിരുദ്ധമായ ഉപയോഗത്തിനുള്ള പിഴയും ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതു പ്രകാരം പെർമിറ്റിന് വിരുദ്ധമായി കെട്ടിടം അനധികൃതമായി ഗോഡൗൺ ആയി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അനധികൃതമായ ഉപയോഗത്തിനുള്ള പിഴയും നിയമാനുസൃത നികുതിയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉപയോഗക്രമമനുസരിച്ച് 633 ച.മീ കെട്ടിടഭാഗത്തിന് 80 രൂപ നിരക്കിലെ വസ്തുനികുതി (20% റോഡ് സൗകര്യത്തിനുള്ള വർദ്ധനവ്) അടക്കം 69883/- രൂപ നികുതി (5% സെസ്, 10% സർച്ചാർജ് ഉൾപ്പടെ) നൽകേണ്ടതായിട്ടുണ്ട്. ഇപ്രകാരം കെട്ടിടത്തിന് ബാധകമായ നികുതിയിൽ അനുവദനീയമായ കിഴിവുകൾ വരുത്തുകയും അനധികൃത ഉപയോഗത്തിനുള്ള പിഴ ഈടാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുവാൻ നിയമപരമായ

## നടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് പരമാവധി 500/- രൂപ വരെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭാ പ്രദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളിൽ നിന്നും മേൽ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. നഗരപരിധിയിൽ പ്രവർത്തിക്കുന്ന (ബി.എസ്.എൻ.എൽ. ടവർ ഉൾപ്പെടാതെയുള്ള) 2014-15 വരെയുള്ള കാലയളവിൻ നിലവിലുള്ള 18 ടവറുകളുടെ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയെങ്കിലും ഇവയുടെ തറവിസ്തീർണ്ണം പോലുള്ള അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല. 2014-15ന് ശേഷം സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങളൊന്നും നഗരസഭയിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വാർഡ് തലത്തിൽ ഭൗതികപരിശോധന നടത്തി ആധികാരികമായ വിവരശേഖരണം നടത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014 ലെ 40395/RC2/2014/LSGD നം കത്ത്, നഗരകാര്യ ഡയറക്ടറുടെ 01.12.2014 ലെ ജി1-19275/14 നം കത്ത് എന്നിവ പ്രകാരം മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും ഈടാക്കുന്ന നികുതി, ഫീസ് എന്നിവയുടെ വിവരങ്ങളും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന (ബി.എസ്.എൻ.എൽ ടവറുകൾ ഉൾപ്പെടെ) ടവറുകളുടെയും നികുതി ഈടാക്കിയിട്ടില്ല. ടവറുകൾ സ്ഥാപിച്ച തിയതി മുതൽ 13.012011 വരെ വാർഷിക വാടക അടിസ്ഥാനത്തിലും 14.01.2011 മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിലുമുള്ള നികുതി നിയമാനുസൃത പിഴ സഹിതം ഈടാക്കാത്തതുമൂലം ലക്ഷങ്ങളുടെ വരുമാനനഷ്ടമാണ് നഗരസഭക്ക് ഉണ്ടായിട്ടുള്ളത്. ഇത്ര വലിയ നികുതി നഷ്ടമുണ്ടായിട്ടും തുക ഈടാക്കുന്നതിന് കാര്യമായ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയുള്ള കുടിശ്ശിക നികുതി ഒടുക്കാത്ത സാഹചര്യത്തിൽ മുൻസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന നിയമനടപടികൾ വഴി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി &ഒ.ലൈസൻസ് എടുക്കാതെയും സമയബന്ധിതമായി പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം ചേർത്തല നഗരസഭയിലെ പല സ്ഥാപനങ്ങളും ഡി&ഒ. ലൈസൻസ് എടുക്കാതെയും കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. നഗരസഭയിലെ മുഴുവൻ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം,

തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ വാർഡ് തിരിച്ച് എഴുതിയ രജിസ്റ്റർ മാത്രമാണ് നിലവിൽ സൂക്ഷിച്ചുവരുന്നത്. D&O ലൈസൻസ് രജിസ്റ്ററിൽ ബിസിനസ് സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഇത് മൂലം സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും നടത്തുന്ന ബിസിനസ്, വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.നഗരപരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ, ആഭരണവ്യാപാരികൾ, പണമിടപാട് സ്ഥാപനങ്ങൾ, വസ്ത്രശാലകൾ, ബേക്കറികൾ, പാരാമെഡിക്കൽ, മെഡിക്കൽ ഷോപ്പുകൾ, സ്റ്റേഷനറി കടകൾ പച്ചക്കറി വ്യാപാരികൾ, ഹാർഡ് വെയർ, സാനിട്ടറി വ്യാപാരികൾ, കള്ളുഷാപ്പ് എന്നിങ്ങനെയുള്ള വ്യാപാരങ്ങളിൽ പലതും കൃത്യമായി ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം, ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കുന്നത് നികുതി, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിന് പുറമേ വിവിധ ക്ഷേമ, വികസന പ്രവർത്തനങ്ങൾക്കും മാലിന്യനിർമ്മാർജനം പോലുള്ള പരമപ്രധാനമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ വിവരശേഖരണത്തിനും നഗരസഭക്ക് സഹായകരമാകുന്നതാണ്. ഇതുവഴി വരുമാന ചോർച്ച തടയുന്നതിനും പൊതുജനാരാഗ്യത്തിനും പരിസ്ഥിതിക്കും ദോഷകരമായ പ്രവർത്തനങ്ങൾ തടയുന്നതിനും സാധ്യമാകുന്നതാണ്. നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ട ഒരു ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്കു നൽകേണ്ടതാണ്. ഈ ചട്ടങ്ങളുടെ ലംഘനത്തിൽ പിഴശിക്ഷ നൽകേണ്ടതാണ്. ലൈസൻസ് ഇല്ലാതെ മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും ഡി&ഒ ലൈസൻസ് തുടങ്ങിയ തനതു വരുമാനയിനങ്ങൾ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി, നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി പരിഷ്കരണം-നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം വരുമാന നഷ്ടം

2011ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ചേർത്തല നഗരസഭയിലെ അടിസ്ഥാനവസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൗൺസിലിന്റെ 29-12-2011 ലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം ഇറക്കിയിരുന്നു. ഇത് പ്രകാരം, 100 ചതുരശ്ര മീറ്റർ

വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 50/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ 80 രൂപയും 200 ചതുരശ്ര മീറ്ററിന് മുകളിൽ 110 രൂപയുമാണ്. എന്നാൽ നഗരസഭയിലെ വസ്തുനികുതി ഫയലുകൾ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥയിലുള്ള 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള പല കെട്ടിടങ്ങളേയും വിവിധ മുറികളായി മാത്രം കണക്കാക്കി ഓരോ മുറിക്കും ബാധകമായ വിസ്തീർണ്ണപ്രകാരമുള്ള വസ്തുനികുതി മാത്രമാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരേ ഉടമയുടെ ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി നികുതി നിർണ്ണയിക്കുന്നത് ചട്ടപ്രകാരമല്ല. ഇതുമൂലം നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന വസ്തുനികുതിയിൽ വലിയ കുറവ് വന്നിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ നിയമാനുസൃത നിരക്കിൽ കൃത്യമായി അസസ് ചെയ്തിട്ടുമുണ്ട്. ആകയാൽ നഗരസഭയിലെ നികുതി നിർണ്ണയത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന് കാണാവുന്നതാണ്. പുതുതായി നികുതി നിർണ്ണയിച്ച 100/200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളിലായി വാണിജ്യാവശ്യത്തിനുള്ള നിരവധി കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിങ്ങളുടെ വസ്തുനികുതി ഒന്നിച്ച് ഒരു ചതുരശ്ര മീറ്ററിന് 80/110 രൂപ എന്നീ നിരക്കിൽ നിശ്ചയിക്കുന്നതിനുപകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി 100/200 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് മാത്രം ബാധകമായ 50/-/ 80/- രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നൽകിയതു പ്രകാരം പരിശോധനക്ക് ഹാജരാക്കിയ ഫയലുകളിൽ കണ്ടെത്തിയ നികുതിനഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | പേരും അഡ്രസ്സും, | ആകെ തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | വർദ്ധന (%) | ഈടാക്കിയ വസ്തു നികുതി (സെസ്& സർച്ചാർജ് ഒഴികെ) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി (സെസ്& സർച്ചാർജ് പുറമേ) | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 25/288-A മുതൽ D വരെ | കേശവൻ നടരാജൻ,വെളീപ്പറമ്പ് ചേർത്തല | നാല് മുറികളായി ആകെ 168.38ച.മീ | 20% (റോഡ് 5മീറ്ററിൽ കൂടുതൽ) | 12128/- | 16165/- | Rs.4037/-+ LC+ SC |
| 3/520 A മുതൽ K വരെ (D,H,I | കാര്യസ്ഥൻ,മുട്ടത്ത് തിരുമല ദേവസ്വം | 8 നമ്പരായി ആകെ 735.74 | 35% (റോഡ്,തറ | 79464/-@ Rs.80/-m$^2$ | Rs.109257/- @ Rs.110/-m$^2$ | Rs.29793 + Cess + Sc |

| | | | | | | |
|---|---|---|---|---|---|---|
| ഒഴികെ) | | M2 | നിർമ്മിതി) | | | |
| 5/439,440,441A മുതൽ Fവരെ | മാഗിമാത്യു, വാര്യംപറമ്പിൽ | 9നമ്പരുകളായി ആകെ 384.87 $M^2$ | 20% (റോഡ്)-കാലപ്പഴക്കം -10% ഇളവ് | 33859/- | 46569/- | Rs.3491/- |
| 22/591 എ & ബി | സി.ജെ ഷാജൻ ഇടത്തിൽ | 2നമ്പരുകളായി 149.40 ച.മീ | +20% (റോഡ്)- B-10% ഇളവ് മേൽക്കൂര) | 10062/- | 13764/- @80/$m^2$ | 3702+Lc+Sc |
| 10/341 A to H | അനിൽദാസ് മുണ്ടച്ചിറ,കാർത്തിക | 8നമ്പരുകളായി 221.21 ച.മീ | +20% (റോഡ്) | 21233/- | 29200/- @110/-$m^2$ | 7967+Lc+Sc |
| 12/266 B to H | തോമസ്,കാളരാൻസ് | 7നമ്പരുകളായി 151.71 ച.മീ | +20% (റോഡ്) | 9102/- | 14563/- @80/$m^2$ | 5461+Lc+Sc |
| 2/227A മുതൽ D വരെ | ശ്രീ.ഹരിഹരനാചാരി ,നടുവീട്ടിൽ | നാല് മുറികളായി ആകെ 324.67ച.മീ | 227 A,B-45%,C &D -35% | 43376/- (B,C,D @60/-) | 48428/- (all @110/-) | Rs.5052/-+ LC+ SC |
| 14/186 B1,B2 & B | ഡോ.സെബാസ്റ്റ്യൻ ജോൺ,പാർക്ക് വ്യൂ ബംഗ്ലാവ് | 3 നമ്പരായി ആകെ 116.18 $M^2$ | +20% (റോഡ്) -10% മേൽക്കൂര നിർമ്മിതി | 9154/-(B1 @Rs.80/ others @ Rs.60/$m^2$ ) | Rs.10224/-(@ Rs.80/-$m^2$) | Rs.1070+ Cess + Sc |
| | ആകെ | | | | | 60573 |

ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് നികുതി നിർണ്ണയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ വിശദീകരണമോ ഹാജരാക്കാത്ത സാഹചര്യത്തിൽ നികുതി നഷ്ടം പരിശോധിച്ച് തിരികെ ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം മേൽ തുക നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. 14.01.2011 മുതൽ പുതുക്കിയ രീതിയിൽ നികുതി നിർണ്ണയം നടത്തിയ സമാന കെട്ടിടങ്ങളിലും ഈ രീതിയിലുള്ള നികുതി നഷ്ടം കണ്ടെത്തിയിട്ടുണ്ട്. ആയത് പുനപരിശോധിച്ച് ഭാവി വരുമാനനഷ്ടം ഇല്ലാതാക്കുന്നവിധം തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രജിസ്റ്ററുകൾ, അർദ്ധവാർഷിക വരുമാനപത്രികകൾ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകതകൾ സൂചിപ്പിക്കുന്നു.

1) രജിസ്റ്റർ പൂർണ്ണമല്ല.

2016/17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട രജിസ്റ്റർ പൂർണ്ണമല്ല. ഇതിൽ വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപന നികുതി, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ, നികുതി അടച്ചതിന്റെ രേഖകൾ തുടങ്ങിയവ കാണിച്ചിട്ടില്ല.

2) അർദ്ധവാർഷിക വരുമാനപത്രികകൾ

(a) 2016/17 വർഷത്തേക്ക് സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാനപത്രികകൾ ഡിമാന്റ് രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. തൻമൂലം രജിസ്റ്ററിൽ പിരിച്ചെടുത്തിട്ടുള്ളതായി കാണിച്ചിട്ടുള്ള സംഖ്യകൾ അർദ്ധവാർഷിക വരുമാനപത്രികകൾ പ്രകാരമാണെന്ന് പൂർണ്ണമായി പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ ചേർത്തിട്ടുള്ളപ്രകാരം അർദ്ധവാർഷിക വരുമാനപത്രികകൾ ക്രമീകരിക്കേണ്ടതാണ്.

(b) സെന്റ് ജോസഫ് കോളേജ് ഓഫ് ഫാർമസി 44ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 38050രൂപ രസീത് നം.07246/30-8-2016 പ്രകാരം അടച്ചിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി രസീത് നം.17739/9-3-2017 പ്രകാരം 7900 രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. സ്ഥാപന മേധാവി സമർപ്പിച്ച പത്രിക ഹാജരാക്കേണ്ടതും നികുതി കുറഞ്ഞതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ് എന്നുകാണിച്ച് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഇതിന് തൃപ്തികരമായ മറുപടി ഹാജരാക്കിയില്ല.

(c) ബാങ്ക് ഓഫ് ബറോഡ സമർപ്പിച്ചിട്ടുള്ള പത്രികയിൽ സ്ഥാപന മേധാവി ഒപ്പിടുകയോ സ്ഥാപനത്തിന്റെ സീൽ പതിക്കുകയോ ചെയ്തിട്ടില്ല.

(d) ശ്രീ വെങ്കിടേശ്വരാ നേഴ്സിംഗ് ഹോം രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി നാല് ജീവനക്കാരുടേത് രസീത് നം.13371/21-1-2017 പ്രകാരം 1200 അടച്ചിട്ടുണ്ട്. ഇതിൽ ഡോക്ടറെ ഉൾപ്പെടുത്തിയിട്ടില്ല.

(e) നഗര പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3) ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

(a) ദക്ഷിണ റയിൽവേ, ചേർത്തല

(b)കയർ വ്യവസായ സഹകരണ സംഘം, നെട്ടുമ്പ്രക്കാട്

(c)കൊയർസിറ്റി മോട്ടേഴ്സ്

(d)ഷൈമാസ് ഹോണ്ട

(e)വെള്ളേത്തറ ഇലക്ട്രിക്കൽസ്

(f)കുലാത്ത് സൂപ്പർ മാർക്കറ്റ്

(g)നിറക്കൂട്ട് ടെക്സ്റ്റൈൽസ്

(h)സഞ്ജീവനി ലാബ്

(i)പി.ജി.കോളേജ്

(j)വർക്കീസ് കോളേജ്

(k)കെ.എം.പി.ടെക്സ്റ്റൈൽസ്

(l)ജി.ടെക് കമ്പ്യൂട്ടേഴ്സ്

മുകളിൽ കാണിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ദക്ഷിണ റയിൽവേ ചേർത്തല ഒഴിച്ച് മറ്റ് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും നികുതി പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.

## 2-7 ഓൺ ലൈൻ ടിക്കറ്റുകൾ വഴി പ്രവേശിപ്പിച്ച ടിക്കറ്റുകളുടെ വിനോദ നികുതി ഈടാക്കുന്നില്ല.

ചേർത്തല നഗരസഭയിൽ സ്ഥിതി ചെയ്യുന്ന കൈരളി, ശ്രീ എന്നീ തിയേറ്ററുകളിൽ നിന്നും 31.03.2017 വരെ സീൽ ചെയ്യുന്നതിനായി സമർപ്പിച്ച ടിക്കറ്റുകളുടെ വിവരം, വിറ്റ ടിക്കറ്റുകളുടെ വിവരം എന്നിവ താഴെ പട്ടികയിൽ കൊടുക്കുന്നു.

| തിയേറ്ററിന്റെ പേര് | 31.03.2017വരെ സീൽ ചെയ്ത ടിക്കറ്റ് | 31.03.2017വരെ വിറ്റ ടിക്കറ്റ് (ഡി.സി.ആർ പ്രകാരം) |
|---|---|---|

| | പ്ലാറ്റിനം | ഗോൾഡ് | പ്ലാറ്റിനം | ഗോൾഡ് |
|---|---|---|---|---|
| കൈരളി | 81000വരെ | 98000വരെ | 80692 | 96152 |
| ശ്രീ | - | 23000 വരെ | - | 20322 |

നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന ടിക്കറ്റ് സീൽ രജിസ്റ്റർ, ഡി.സി.ആർ എന്നിവ പ്രകാരം നഗരസഭ സീൽ ചെയ്ത് നല്കിയ ടിക്കറ്റുകളുടെ വിനോദ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ, ഈ തിയേറ്ററുകളിൽ ഓൺ ലൈൻ ടിക്കറ്റുകൾ വഴി പ്രവേശിപ്പിച്ച ടിക്കറ്റുകളുടെ വിനോദ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/28.09.17)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, 2016-17 വർഷം ഓൺ ലൈൻ വഴി പ്രവേശനം നടത്തിയ ടിക്കറ്റുകളിൽ ഈടാക്കേണ്ട വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ, ഓൺ ലൈൻ വഴി വിറ്റ ടിക്കറ്റുകളുടെ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

തൻവർഷം ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസ്, ഇ.എം.ഡി തുകകളുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/27.09.17)ലഭിച്ച മറുപടിയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി തുക ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ രജിസ്റ്ററിലും കരാർ രജിസ്റ്ററിലും തുകകളുടെ സംഗ്രഹം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ തിരികെ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ നഗരസഭാ അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും 2016-17 വർഷത്തെ ടെണ്ടർ ഫീ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-9 വാടക കുടിശ്ശിക 50 ലക്ഷത്തിനുമേൽ

എ) വാടക പൂർണ്ണമായും ഈടാക്കുന്നില്ല

നഗരസഭവക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, ബങ്കുകൾ, സ്റ്റാൾ എന്നിവ വാടകയ്ക്ക് എടുത്തിട്ടുള്ളവർ വാടകയിൽ 4873776/-രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. കൗൺസിലിന്റെ 25.04.2016ലെ 4-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക 2014-15 വർഷം

മുതൽ 5% വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ വാടക ഈടാക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തി. പുതുക്കിയ വാടകയ്ക്ക് അനുസൃതമായി 2014 മുതൽ 31.03.17 വരെ 129820/-രൂപ കുടിശ്ശികയായിട്ടുണ്ട്. ദൈനംദിന ചെലവുകൾക്കുപോലും ബുദ്ധിമുട്ടുന്ന നഗരസഭയിൽ ഭീമമായ തുക കുടിശ്ശികയായി മാറുന്നത് നഗരസഭയുടെ സാമ്പത്തികഭദ്രതയെ സാരമായി ബാധിക്കും. വാടക പൂർണ്ണമായും ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) വഴിയോര കച്ചവടക്കാരുടെ പുനരധിവാസം - നിർണ്ണയിക്കപ്പെട്ട വാടക ഈടാക്കുന്നില്ല

വഴിയോര കച്ചവടക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സ്റ്റാളുകൾ അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും 2016-17 സാമ്പത്തിക വർഷം ഇവരാരും തന്നെ വാടക ഒടുക്കിയതായി കാണുന്നില്ല. മുൻവർഷങ്ങളിലേയും വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ കൃത്യമായ നഷ്ടം തിട്ടപ്പെടുത്താനാകുന്നില്ല.

സി) വാടകയ്ക്ക് നൽകപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ

താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തതായി കാണുന്നു. പ്രസ്തുത മുറികൾ വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | കടമുറി നം. | നിശ്ചയിച്ച വാടക |
|---|---|---|
| മുട്ടം മാർക്കറ്റ് പുതിയ കെട്ടിടം | | |
| 1 | എഫ്.4 | 4488<br>673 |
| 2 | എഫ്5 | 13950<br>2093 |
| ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് (ന്യൂ) വാർഡ്-23 | | |
| 3 | 11B | നിശ്ചയിച്ചിട്ടില്ല |
| ബങ്കുകൾ | | |
| 4 | 45 | നിശ്ചയിച്ചിട്ടില്ല |
| വനിതാ വ്യവസായ കേന്ദ്രം ഷോപ്പിംഗ് കോംപ്ലക്സ് - വാർഡ് 4 | | |
| 5 | 1 | നിശ്ചയിച്ചിട്ടില്ല |
| 6 | 3 | നിശ്ചയിച്ചിട്ടില്ല |
| 7 | 4 | നിശ്ചയിച്ചിട്ടില്ല |
| 8 | 6 | നിശ്ചയിച്ചിട്ടില്ല |
| 9 | 7 | നിശ്ചയിച്ചിട്ടില്ല |

വികസന മാർക്കറ്റിലെ കടമുറികൾ ക്രമ നം.13ൽ ആണ് തുടങ്ങിയിരിക്കുന്നത് ക്രമ നം.1 മുതൽ 12 വരെയുള്ള കടമുറികളുടെ വിവരം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയതായോ വടക ഈടാക്കിയതായോ കാണുന്നില്ല. മേൽ കടമുറികൾ വാടക നിശ്ചയിച്ച് ലേലം ചെയ്ത് നഗരസഭയുടെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. (വാടക ഈടാക്കാത്തത് സംബന്ധിച്ച് 28.09.2017ൽ ഓഡിറ്റ്

എൻക്വയറി (നം.25) നൽകിയെങ്കിലും ആയതിന് മറുപടി നൽകിയില്ല).

## 2-10 കുത്തകപ്പാട്ട ലേലം- ലേലക്കാരിൽ നിന്നും തുക പൂർണമായും ഈടാക്കിയില്ല.

2016-17 സാമ്പത്തിക വർഷം കുത്തകപ്പാട്ട ലേലവുമായി ബന്ധപ്പെട്ട് ലേലം ഉറപ്പിച്ച് നല്കപ്പെട്ട ലേലക്കാർ ലേലത്തുക പൂർണമായും ഒടുക്കിയിട്ടില്ലാത്തതായി രജിസ്റ്റർ പ്രകാരം കാണുന്നു. ലഭ്യമാകാത്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലേലം കൊണ്ട വ്യക്തി | ലേലത്തുക | ഒടുക്കിയ തുക | ഒടുക്കാനവ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ ബസ് സ്റ്റാന്റ് | നിസാദ് കണ്ണംപള്ളിവെളി ചേർത്തല | 977000/- | 715224 | 261776/- |
| 2 | മുനിസിപ്പൽ മാർക്കറ്റ് | ബിജു.കെ.സി കാരക്കുഴിയിൽ ചേർത്തല | 500050/- | 475050 | 25000 |
| 3 | കംഫർട്ട് സ്റ്റേഷൻ (താലൂക്ക് ആശുപത്രി) | പ്രവീൺ കളത്രക്കാട്ട് ചേർത്തല | 140600 | 77434 | 63166 |
| | | | | ആകെ | 349942 |

ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ലേല തുക ഈടാക്കാത്തത് സംബന്ധിച്ച് 28.09.2017-ൽ ഓഡിറ്റ് എൻക്വയറി (നം.25) നല്കിയെങ്കിലും ആയതിന് മറുപടി നല്കിയില്ല.)

## 2-11 ഓഡിറ്റ് ഇംപാക്ട് - കളക്ഷൻ തുക പൂർണ്ണമായും ഒടുക്കാതിരുന്നത്

## ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ഒടുക്കു വരുത്തി

രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, ശ്രീ.ഷാജഹാൻ, എൽ.ഡി.സി 04.08.2017ൽ കൈപ്പറ്റിയ 356ാം നമ്പർ രസീത് ബുക്കിലെ 35562 മുതൽ 35580 വരെയുള്ള രസീത് മുഖേന 11.08.2017 ൽ പിരിച്ച തുകയായ 18,335/- രൂപയിൽ 15,954/- രൂപ മാത്രമാണ് ഒടുക്കിയിരുന്നത്.(11703106468/11.08.17). 2,381/-രൂപ കുറവായിട്ടാണ് ഒടുക്കിയിരുന്നത്. ടി വിവരം ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതനുസരിച്ച് 2381/-രൂപ രസീത് നം. -117470101418/23.09.17 മുഖേന ഒടുക്കിയിട്ടുണ്ട്. ഇപ്രകാരം ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല- കുടിശ്ശിക വർദ്ധിച്ച് നഗരസഭയ്ക്ക് വൻ ബാധ്യത

28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും നഗരസഭയും ചേർന്ന് 06.04.2015-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പൊതു ടാപ്പുകൾ 500 എണ്ണമാണെന്നു കണ്ടെത്തുകയുണ്ടായി. ഇതിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടേയും പ്രവർത്തന രഹിതമായതിന്റേയും ഇനം തിരിച്ച് രേഖപ്പെടുത്താതെ ടാപ്പുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണത്തിന് ആനുപാതികമായുള്ള വെള്ളക്കരമാണോ വാട്ടർ അതോറിറ്റി ഡിമാൻറ് ചെയ്യുന്നത് എന്ന് പരിശോധിക്കാൻ നിർവ്വാഹമില്ല. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയുടെ ഡിമാൻറ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| വർഷം | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | തൻ വർഷത്തെ ആകെ ഡിമാൻറ് | തനതു ഫണ്ടിൽ നിന്നും ഒടുക്കിയത് | സർക്കാർ ഗ്രാൻറുകളിൽ നിന്നുംനേരിട്ട് അടവായത് + പ്രോജക്ട് പ്രകാരം അടവ് | തൻവർഷം ആകെ അടവാക്കിയത് |
|---|---|---|---|---|---|
| 2014-15 | 414 | 13311176 | ഇല്ല | ഒടുക്കിയിട്ടില്ല | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 2015-16 | 512 | 29180035 | ഇല്ല | ഒടുക്കിയിട്ടില്ല | ഇല്ല |
| 2016-17 | 512 | 42491211 | ഇല്ല | ഒടുക്കിയിട്ടില്ല | ഇല്ല |

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 512 ടാപ്പുകളാണ് നിലവിലുള്ളത്. എന്നാൽ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ 500 എണ്ണമാണ് കാണിച്ചിട്ടുള്ളത്. 10/2014 മുതൽ പ്രതിവർഷം 7884/- രൂപ നിരക്കിലാണ് വെള്ളക്കരം കണക്കാക്കുന്നത്. 336384/- രൂപയാണ് വെള്ളക്കരമിനത്തിൽ നഗരസഭയുടെ ഒരു മാസത്തെ ബാദ്ധ്യത. 05.03.2016-ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ഡിമാന്റിൽ 2% പിഴ 5,55,015/- ഉൾപ്പെടെ 2,91,80,035/-രൂപയായിരുന്നു. ഈ തുക കൃത്യമായി അടയ്ക്കാതിരിക്കുന്നതിനാൽ ഓരോ മാസവും 2% വീതം പിഴ വർദ്ധിച്ച് 2016-17-ൽ പിഴ തുക8,11,094/- ഉൾപ്പെടെ ആകെ ഡിമാന്റ് 4,24,91,211/- രൂപയായി നഗരസഭയുടെ ബാദ്ധ്യത വർദ്ധിച്ചു. കുടിശ്ശിക തീർപ്പാക്കുന്നതിനായി 14.01.2016-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഗവ. സെക്രട്ടറിയ്ക്ക് കത്തെഴുതിയതിനു ശേഷം പിന്നീട് നഗരസഭ കാര്യമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ട സർക്കാർ വിഹിതം കുടിശ്ശിക ഇനത്തിൽ ഭാവിയിൽ അടവാക്കേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ വിഷയത്തിലേയ്ക്ക് നഗരസഭാ കൗൺസിലിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കറന്റ് ചാർജ് കുടിശ്ശിക നൽകിയത് -വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് HQ ആശുപത്രി) നടപ്പിലാക്കിയ കറന്റ് ചാർജ് കുടിശ്ശിക അടക്കൽ (പ്രോജക്ട് നം-265/2017) എന്ന പദ്ധതിക്കായി ട്രഷറി ബിൽ നം-11/16-17 തിയതി 20/03/2017 പ്രകാരം 58,18,530 രൂപ പിൻവലിച്ച് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ ചേർത്തല ഈസ്റ്റിന്റെ 67040376003 നം എസ്.ബി.റ്റി അക്കൗണ്ടിലേക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക കെ.എസ്.ഇ.ബി കൈപ്പറ്റിയതിന്റെ വിശദാംശങ്ങളോ അടച്ച തുകകളുടെ ബില്ലിലെ ഇനവിവരങ്ങളോ ലഭ്യമല്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കൺസ്യൂമർ നം | കാലയളവ് | തുക |
|---|---|---|
| 5024650 | 01/2013 – 03/2016 | 41,63,804 |
| 4007268 | 08/2015 – 03/2016 | 428213 |
| 115704004431 | 05/2015 – 03/2016 | 71515 |
| 115704004432 | 08/2015 – 03/2016 | 330989 |

| | | |
|---|---|---|
| 1157042000128 | 01/2010 – 03/2016 | 161377 |
| 1157045001294 | 04/2015 – 03/2016 | 135175 |
| 1157049026710 | 07/2016 – 01/2017 | 45573/- |
| 1157042024749 | 03/2013 – 03/2016 | 480672 |
| 115704500129 | | 1212 |
| 1157049026710 | 07/2016 – 01/2017 | 45573 |
| | ആകെ | 5818530/- |

ഇത്ര വലിയ തുക കുടിശ്ശിക അടക്കേണ്ടി വന്ന സാഹചര്യത്തിലും വൈദ്യുതി ചാർജ്ജായി യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക എത്രയായിരുന്നു, വൈകി അടക്കേണ്ടി വന്നതുമൂലമുണ്ടായ അധിക ബാധ്യതയെത്രയാണ്, കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിലുൾപ്പെടുത്തി ലഭിക്കാമായിരുന്ന ഇളവ് പ്രയോജനപ്പെടുത്തിയിരുന്നോ, വൈദ്യുതി അദാലത്ത് പോലുള്ള സംവിധാന പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചുവോ, കുടിശ്ശിക സംഖ്യ ഒരുമിച്ച് നൽകിയതിലൂടെ കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ആനുകൂല്യം എന്തൊക്കെയാണ് എന്നിവ സംബന്ധിച്ച് തുക രേഖപ്പെടുത്തി KSEB അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കത്തല്ലാതെ യാതൊരു വിവരങ്ങളും ഇത് സംബന്ധിച്ച് എൻക്വയറി നൽകിയിട്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. മുൻവർഷങ്ങളിലും വൈദ്യുതി കുടിശ്ശിക നൽകുന്നതിനായി പദ്ധതിപ്പണം നൽകിയിട്ടുള്ളതിനാൽ നിലവിൽ കെ.എസ്.ഇ.ബി നൽകിയ 3 വർഷത്തോളമുള്ള കുടിശ്ശിക സംഖ്യയും യഥാർത്ഥത്തിൽ നൽകേണ്ട തുകയും പരിശോധിച്ച് ആധികാരികത ഉറപ്പാക്കുന്ന വിധമുള്ള രേഖകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. ഇത്ര വലിയ തുക കുടിശ്ശിക അടക്കേണ്ടിവരുമ്പോളും കുടിശ്ശിക സംഖ്യ സംബന്ധിച്ച കൃത്യമായ കണക്കുകൾ ആശുപത്രിയിൽ സൂക്ഷിക്കുന്നില്ല എന്നത് ഗൗരവതരമാണ്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിപ്പണം ചെലവഴിച്ചത് സുതാര്യമായല്ല എന്ന് വിലയിരുത്തുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 തൊഴിൽ രഹിത വേതനം - അധിക തുക വിതരണം ചെയ്തു.

നഗരസഭയിലെ തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അർഹമായ കാലയളവിന് ശേഷവും തൊഴിൽരഹിത വേതനം വിതരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റോൾ നം | ഗുണഭോക്താവിന്റെ പേര് | ജനന തിയതി | വേതനത്തിന് അർഹതയുള്ള കാലാവധി | വേതനം നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1044 | പ്രീതി എം പൈ, ശാരദ നിവാസ്, സി.എം.സി -13 | 04.10.1981 | 10/2016 | 01/2017വരെ | Rs.360/- |
| 533 | രമ്യ റ്റി ദാസ് ഇളങ്ങാട്ടുവെളി | 20.05.1982 | 05/2017 | 06/2017വരെ | Rs.120/- |
| 642 | സിമിമോൾ വി, തെക്കനാടിപറമ്പിൽ സി.എം.സി -07 | 14.11.1981 | 11/2016 | 01/2017വരെ | Rs.240/- |

അധിക കാലയളവിൽ നൽകിയ 720 രൂപ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ഈ സാഹചര്യത്തിൽ അധിക തുക തിരികെ ഈടാക്കുവാനും ഓരോ തവണ വേതനവിതരണം നടത്തുമ്പോഴും ആ കാലയളവിൽ വേതനകാലാവധി അവസാനിക്കുന്ന ഗുണഭോക്താക്കളുടെ പരിശോധന നടത്തി അധിക തുക വിതരണം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 <u>മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് HQ ആശുപത്രി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ</u>

01) 2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് HQ ആശുപത്രി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം-73/2017), ആശുപത്രി ലാബ് റീ ഏജന്റ് മരുന്നുവാങ്ങൽ (പ്രോജക്ട് നം-74/2017) എന്ന പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള മരുന്നുകൾ സ്ഥാപനത്തിന് നാളിതുവരെ ലഭ്യമായിട്ടില്ല. അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | പ്രഫോർമ | തുക | ബിൽ നം & | ലഭിച്ച |
|---|---|---|---|---|---|

| നം | | ഇൻവോയ്സ് നം & തിയതി | | തിയതി | മരുന്നുകൾ |
|---|---|---|---|---|---|
| 01 | കാരുണ്യ ഫാർമസി (KMSCL) | PRF-1124 dt 29.12.16 | 37306 | ബിൽ നം-06/16-17 തി-19.01.2017 DD No-973424 dt 31.01.17 | 28807/- |
| 02 | കാരുണ്യ ഫാർമസി (KMSCL) | PRF-952 dt 19.12.16 | 400000 | ബിൽ നം-04/16-17 തി-19.01.2017 | 376011 |

പദ്ധതിയിൽ സ്ഥാപനത്തിന് ഇനിയും ലഭിക്കുവാനുള്ള 32488 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല. ബാലൻസ് മരുന്നുകൾ കാരുണ്യഫാർമസിയിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് നൽകിയിട്ടും ലഭ്യമാകാത്ത മരുന്നുകളുടെ വില തടസ്സപ്പെടുത്തുന്നു.

02) ആശുപത്രിക്ക് ലാബ് റീജന്റ് മരുന്നുവാങ്ങൽ എന്ന പദ്ധതിയിൽ ലാബ് ഉപകരണങ്ങളും കെമിക്കലുകളും മെ.റിലയന്റ് ഡയഗ്നോസ്റ്റിക്സ് ഇളംകുളം, ഗ്ലോബൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്നീ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ആകെ 96409 രൂപയുടെ ത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ കാരുണ്യ ഫാർമസി പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷൻ മുഖാന്തിരമോ അല്ലാത്തതിനാൽ കുറഞ്ഞ വിലയ്ക്കുള്ള വാങ്ങൽ എന്ന സാധ്യത പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

03) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജി.ഒ (എം.എസ്)നം. 04/2016/തസ്വഭവ dtd 11.01.2016 ഖണ്ഡിക 7.4 പ്രകാരം ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല. എന്നാൽ മെഡിക്കൽ ഓഫീസർ 2016-17 ൽ നടപ്പിലാക്കിയ മരുന്ന് വാങ്ങലുകളിലൊന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

ലഭ്യമാക്കിയിട്ടില്ല.

04) പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ട്രഷറി ബിൽ നം -09/16-17 Rs.44835 c/o 28/03/17 പ്രകാരം ആകെ ബിൽ തുകയായ 44835 രൂപയിൽ 3655 രൂപ ഡീസൽ ചാർജായി മെ.വെങ്കിടേശ്വര പ്രഭു & സൺസ് എന്ന സ്ഥാപനത്തിന് നൽകിയതായി രേഖയുണ്ട്. എന്നാൽ ഇതിന്റെ ബില്ലുകൾ വൗച്ചറുകൾ എന്നിവ ഫയലില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 3655 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 റോഡ് റോളർ ലേലം-നിയമാനുസൃത നിരക്കിൽ മൂല്യവർദ്ധിത നികുതി അടവാക്കിയില്ല.

*ഫയൽ നം.- പി.ഡബ്ല്യു.2/4403/98*

നഗരസഭയുടെ അധീനതയിലുള്ള റോഡ് റോളർ ലേലം ചെയ്യുന്നതിലേയ്ക്ക് മൂല്യം നിർണ്ണയിച്ച് നൽകാനായി പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ (മാവേലിക്കര)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിലേയ്ക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ റോഡ് റോളറുടെ മൂല്യം 1,80,000/- രൂപയായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. (ഡി.ബി. /17/06/ALP/Vol VII/21.03.2016-ാം നമ്പർ കത്ത്). ആയതിൻ പ്രകാരം ലേല നടപടികൾ കൈക്കൊണ്ടതിൽ 28.06.2016-ൽ നടന്ന ലേലത്തിൽ 14 പേർ പങ്കെടുത്തതായി കാണുന്നു. ടി തുകയ്ക്ക് ആരും ലേലം കൊള്ളാതിരുന്നതിനാൽ 10% കുറച്ച് ലേല നടപടികൾ തുടർന്നെങ്കിലും ആരും ലേലം വിളിക്കാതിരുന്നതിനാൽ ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ തീരുമാനം പ്രകാരം 1,35,000/- രൂപ അടിസ്ഥാന വില നിശ്ചയിച്ച് ലേലം പുനരാരംഭിച്ചതിൽ 1,36,000/- രൂപയ്ക്ക് ശ്രീ. മാത്യു ചെറിയാൻ, പനന്താനത്ത്, മൂവാറ്റുപുഴ എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി. എന്നാൽ ടിയാൻ മൂല്യവർദ്ധിത നികുതി ഇനത്തിൽ ലേലതുകയുടെ 0.5% മാത്രമാണ് ഈടാക്കിയിട്ടുള്ളത്. (680/- രൂപ. ഡി.ഡി. നം. 223562/06.10.16). 17.08.2016-ലെ ടിയാന്റെ അപേക്ഷയിൽ Used Motor Vehicle (Sl No. 6991) ന്റെ നിരക്ക് 0.5% എന്ന അവകാശവാദം അംഗീകരിച്ചാണ് നഗരസഭ ടിയാനിൽ നിന്നും കുറഞ്ഞ നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയിരിക്കുന്നത്. ഇതേ ഗണത്തിൽ പെടുന്ന Used JCB Excavator -ന്റെ റേറ്റ് സംബന്ധിച്ച് വാണിജ്യ നികുതി വകുപ്പിന്റെ ഓർഡർ നം. C3/31587/13/CT തീ: 05/04/14 പ്രകാരമുള്ള സ്പഷ്ടീകരണം താഴെ കൊടുക്കുന്നു.

"...Excavators fall under the HSN Code 8429, classified under the Customs Tariff Act Chapter 'Machinery'. The said HSN Code does not appear in any of the Schedules to the Kerala Value Added Tax Act, 2003. None of the entries in any of the Schedules is suitable for incorporating this commodity. As such the commodity excavator, whether new or used, would fall under Entry 15 of

S.R.O. No. 82/2006. Accordingly the tax liability of a dealer, dealing in this item would be determined as per sec. 6(1)(d) of the Kerala Value Added Tax Act, 2003..."റോഡ് റോളർ, മെഷിനറി എന്ന ഗണത്തിൽ പെടുന്നതും (HSN Code 8429...)ആയത് പ്രകാരം ക്രമ നം. 516- പ്രകാരം 14.5% റേറ്റ് ഈടാക്കേണ്ടതുമാണ്. എന്നാൽ റോഡ് റോളറിന് മൂല്യവർദ്ധിത നികുതിയിനത്തിൽ 14.5% പകരം 0.5% മാത്രമാണ് നിരക്ക് ഈടാക്കിയിട്ടുള്ളത്.

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 01/23.09.17) ലഭ്യമാക്കിയ മറുപടിയിൽ ടി വാഹനം മോട്ടോർ വാഹന വകുപ്പിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലേലം കൊണ്ട വ്യക്തിയുടെ വാദഗതി തന്നെയാണ് മറുപടിയിലും വ്യക്തമാക്കിയിട്ടുള്ളതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല.

ആയതിനാൽ മൂല്യവർദ്ധിത നികുതിയിനത്തിൽ സംഭവിച്ച നഷ്ട തുകയായ 19040/-(Balance -14%) രൂപ സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 നഗരസഭയിലെ മോട്ടോർ വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല.

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറി ആണെന്ന് വിവക്ഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ വാഹനങ്ങളുടെ ലോഗ് ബുക്കുകളിൽ (അനുബന്ധം-1ൽ കൊടുത്ത പ്രകാരമുള്ളത്) കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

ചട്ടം 8- പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെക്കുറിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഇപ്രകാരം രേഖപ്പെടുത്തലുകൾ ഇല്ല.

1) KL-32-B 4940 BOLERO

2)KL32-F-6319 AMBULANCE

3) KL32- B 2136 TIPPER LORRY( CERTIFICATE Dated,19.10.2011- VALID UP TO 17.10.2012)

4)KL-32-B 1959 TRACTOR( CERTIFICATE Dated,04.01.2010- VALID UP TO 21.03.10)

5) KL32-H 8884 BOLERO JEEP

6)KL32-C 5000 SWIFT DEZIRE CAR

എന്നാൽ ഒരു വാഹനത്തിന്റെയും ലോഗ്ബുക്കിൽ വാഹനം ആകെ സഞ്ചരിച്ച ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

KL32-B 1959 ട്രാക്ടറുടെ ലോഗ് ബുക്കിൽ 03.03.2016-ൽ കട്ടച്ചിറയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തവേ തോട്ടിലേയ്ക്ക് മറിഞ്ഞ് കേടുപാടുകൾ സംഭവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വാഹനം നാളിതുവരെയായിട്ടും വർക്ക്ഷോപ്പിൽ നിന്നും അറ്റകുറ്റപ്പണി കഴിഞ്ഞ് ഇറക്കിയിട്ടില്ലെന്നും അറ്റകുറ്റപ്പണിയ്ക്ക് വളരെയധികം കാലതാമസം ഉണ്ടായതായും നിലവിൽ വാഹനം പ്രവർത്തന ക്ഷമമല്ലെന്നും ഫയൽ (PW2- 8928/09) പരിശോധിച്ചതിൽ ബോധ്യമാകുന്നു.

PW1-8929/2009 ഫയൽ പരിശോധിച്ചതിൽ KL32-B 2136 ടിപ്പർ ലോറിയുടെ ഫിറ്റ് നെസ് കാലാവധി 22.12.2011-ൽ അവസാനിച്ചതായി കാണുന്നു. പ്ലാനിംഗ് സൂപ്രണ്ടിന്റെ റിപ്പോർട്ട് പ്രകാരം 10.10.2011-ൽ ടെസ്റ്റ് വർക്ക് ചെയ്യുന്നതിനായി വർക്ക്ഷോപ്പിൽ കൊണ്ടുപോകുന്നതിനായി വർക്ക് ഓർഡർ നൽകി. 7 ദിവസത്തിനകം അറ്റകുറ്റപ്പണി നടത്തി തിരികെ എത്തിക്കാൻ പ്രസ്തുത വർക്ക് ഓർഡറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും 28.06.2012-ൽ മാത്രമാണ് വാഹനം തിരികെ ലഭിച്ചത്. ഇത്തരത്തിൽ ഏകദേശം 6 മാസത്തോളം കാലതാമസം ഉണ്ടായതായി കാണുന്നു. കൂടാതെ വാഹനം ശരിയായ രീതിയിൽ പരിരക്ഷിക്കാതെ നഗരസഭാ വളപ്പിൽ ഇട്ടിരുന്നതു മൂലം (2 വർഷത്തോളം)ബാറ്ററി പ്രവർത്തന രഹിതമയാതിനെ തുടർന്ന് പുതിയ ബാറ്ററി വാങ്ങിയ ഇനത്തിൽ 5500/- രൂപ ചെലവഴിക്കേണ്ടി വന്നു. (വൌ നം. 19-12/15/07.12.15).

ചട്ടം 10(6) പ്രകാരംഅറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് 2000- 10000 വരെ ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തില്ലാതെ പ്രസ്തുത പണി സർക്കാരിന്റെ അംഗീകാരമുള്ള വർക്ഷോപ് മുഖേന 217(1)-ാം ഉപ വകുപ്പിൽ പറയുന്ന അധികാരസ്ഥാനത്തിന്റെ അംഗീകാരത്തിനു വിധേയമായി സെക്രട്ടറിയ്ക്ക് ചെയ്യിക്കാവുന്നതാണ്. എന്നാൽ അംഗീകാരമില്ലാത്ത വർക്ഷോപ് മുഖേന പണി ചെയ്യിപ്പിക്കുന്നതും ഓരോ സ്വഭാവമുള്ള ക്വട്ടേഷൻ മുഖാന്തിരം ആയിരിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 7 പ്രകാരം 10000 മേൽ ചെലവു വരുന്ന എല്ലാ സംഗതികളിലും മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ

അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ചട്ടങ്ങളിൽ ഇപ്രകാരം വ്യവസ്ഥയുണ്ടായിട്ടും അറ്റകുറ്റപ്പണിയ്ക്ക് അന്യായമായ കാലവിളംബം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ചട്ടം 8(3) പ്രകാരം മുനിസിപ്പാലിറ്റിയുടെ ഓരോ വാഹനവും ആയതിനു നിശ്ചയിച്ചിട്ടുള്ള ശരിയായ രീതിയിൽ സർവ്വീസിംഗിന് വിധേയമാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

നഗരസഭാ ഷെഡിൽ രണ്ടു വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്.



KL01-AF-3909 ശുചീകരണ ലോറി



KL-32-5917അംബാസിഡർ കാർ

ഇവ കണ്ടം ചെയ്ത് ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. വാഹനങ്ങളുടെ മൂല്യം ക്ഷമതയുള്ള അധികാരസ്ഥാനങ്ങളിൽ നിന്നും താമസം വിനാ ലഭ്യമാക്കി ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ലേല തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-7 പെൻഷൻ അംശദാനം ഒടുക്കാത്തതു മൂലം തനതുഫണ്ടിന് അധിക ബാധ്യത

1996-ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ

ചട്ടം 10- പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി മുനിസിപ്പൽ സെക്രട്ടറി മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ തുടങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജീവനക്കാരന്റേയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി(പെൻഷൻ അംശദാനം) അതാത് മാസം 15-ാം തീയതിക്ക് മുൻപായി നഗരകാര്യ ഡയറക്ടറുടെ പേർക്ക് ഡിമാൻഡ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതും പെൻഷനും പെൻഷനാനുകൂല്യങ്ങൾക്കുമായി വേണ്ടി വരുന്ന തുക നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച്മുനിസിപ്പൽ സെക്രട്ടറിയ്ക്ക് അയച്ച് കൊടുക്കേണ്ടതുമാണ്. (ചട്ടം 7,8,9(3)). എന്നാൽ നഗരസഭ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ പ്രത്യേക അക്കൗണ്ട് തുടങ്ങുകയോ ചട്ടപ്രകാരം അലോട്ട്മെന്റിനത്തിലെ തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനും പെൻഷനാനുകൂല്യങ്ങളും തനതുഫണ്ടിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. ഇത് നഗരസഭയുടെ തനത് ഫണ്ടിന് അധിക ബാധ്യത വരുത്തുന്നുണ്ട്. പെൻഷൻ അംശദാനം അടക്കാത്തത് മൂലം നഗര കാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 2015-16, 2016-17 വർഷങ്ങളിൽ തുകകളൊന്നും ലഭിച്ചിട്ടില്ല. 2013-ലാണ് അവസാനം അലോട്ട്മെന്റിനത്തിൽ 77,00,000/-രൂപ ലഭിച്ചതെന്ന് ഇതു സംബന്ധമായ ഓഡിറ്റന്വേഷണത്തിനു മറുപടി നൽകിയത്. തുക സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കിയില്ല. റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനും പെൻഷനാനുകൂല്യങ്ങൾക്കുമായി 2015-16,2016-17 വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിശദവിവരം താഴെകൊടുത്തിരിക്കുന്നു.

റഗുലർ

| വർഷം | പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുക | പെൻഷനാനുകൂല്യങ്ങൾക്കായി ചെലവഴിച്ച തുക (Arrears,DCRG, Commtn,etc) | ആകെ ചെലവഴിച്ച തുക | പെൻഷൻ അംശദാനം ഒടുക്കുവാനുള്ളത് |
|---|---|---|---|---|
| 2015-16 | 84,14,326, | 39,05,392 | 1,23,19,718 | 24,50,172 |
| 2016-17 | 98,68,527 | 6,48,257 | 1,05,16,784 | 29,13,576 |

കണ്ടിജന്റ്

| വർഷം | പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുക | പെൻഷനാനുകൂല്യങ്ങൾക്കായി ചെലവഴിച്ച തുക (Arrears,DCRG, Commtn,etc) | ആകെ ചെലവഴിച്ച തുക | പെൻഷൻ അംശദാനം ഒടുക്കുവാനുള്ളത് |
|---|---|---|---|---|
| 2015-16 | 40,39,630 | 15,90,218 | 58,08,950 | ലഭ്യമല്ല. |
| 2016-17 | 45,15,938 | 12,93,012 | 56,29,848 | 9,55,734 |

നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കുവാനുള്ള തുകകൾ ലഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും മുനിസിപ്പൽ പെൻഷൻ ഫണ്ടും 1997-ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7-ൽ അനുശാസിക്കും പ്രകാരമുള്ള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടും രൂപീകരിച്ച് തനത് ഫണ്ട് ബാധ്യത കുറയ്ക്കേണ്ടതാണ്.

## 3-8 കുത്തവകാശത്തിനു നൽകിയ പാർക്കിംഗ് ഏരിയ കിസ്തു തുക - ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കാതെ തനതു ഫണ്ടിൽ നിന്നും ഒടുക്കി.

പാർക്കിംഗ് ഏരിയ കുത്തവകാശത്തിൽ നിന്നും ആദായ നികുതി ഒടുക്കു വരുത്തുന്നതിന്റെ ഫയൽ (ഫയൽ നം. R1-20546/15) പരിശോധിച്ചതിൽ കരാറുകാരിൽ നിന്നും 2012-13,2013-14,2014-15,2015-16 വർഷങ്ങളിൽ ലഭിച്ച കിസ്തു തുകയിൽ നിന്നും2% റ്റി.സി.എസ്. (Tax Collected at Source) ആയി ആദായ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| വർഷം | കരാറുകാരൻ | കിസ്തു തുക | നഗരസഭയിൽ കിസ്തു തുക അടവാക്കിയ തീയതി | യഥാസമയം ഒടുക്കിയിരുന്നെങ്കിൽ ആദായ നികുതിയായി അടവാക്കേണ്ടിയിരുന്ന തുക @ 2% |
|---|---|---|---|---|
| 2012-13 | മുരളി എസ് | 2,70,000 | 07.03.2013 | 5400 |
| 2013-14 | സന്തോഷ് കുമാർ | 5,00,000 | 06.12.2013 | 10000 |

| | | | | |
|---|---|---|---|---|
| 2014-15 | സന്തോഷ് കുമാർ | 3,60,000 | 05.08.2014 | 7200 |
| 2015-16 | ജിജിമോൻ | 3,19,500 | 08.12.2015 | 6390 |

കുത്തകക്കാരുടെ കിസ്റ്റ് തുകയിൽ നിന്നും ആദായനികുതി ഒടുക്കാതിരുന്നതിനാൽ 25.08.2015-ലെ ITO/TDS/ALPY/PARK.L/15-16 നമ്പരായി ഡിമാൻഡ് നോട്ടീസ് നഗരസഭയ്ക്ക് ആദായനികുതി വകുപ്പ് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 28.12.2015-ൽ ആലപ്പുഴ ആദായ നികുതി ഓഫീസിൽ നേരിൽ കേൾക്കാൻ വിളിച്ചതിൽ കരാറുകാരിൽ നിന്നും ആദായനികുതി തുക വസൂലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് നഗരസഭാപ്രതിനിധി സമ്മതിക്കുകയുണ്ടായി. തുടർന്ന് സെക്ഷൻ 206C(1C) പ്രകാരം നികുതിയും സെക്ഷൻ 206C(7)പ്രകാരവും പലിശയുമടക്കം അടവാക്കാൻ ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസുകൾ പ്രകാരം അടവാക്കേണ്ട തുക താഴെ കൊടുക്കുന്നു..

| വർഷം | കിസ്റ്റ് തുക | U/s 206C(1C) @ 2% | U/s 206C(7) @1% | ആകെ തുക |
|---|---|---|---|---|
| 2012-13 | 2,70,000 | 5400 | 1836/- (03/13 to 12/15 – 34 Months) | 7236/- |
| 2013-14 | 5,00,000 | 10000 | 2500/- (12/14 to 12/15 – 24 Months) | 12500/- |
| 2014-15 | 3,60,000 | 7200 | 1224/- (08/14 to 12/15 – 17 Months) | 8424/- |

എന്നാൽ കരാറുകാരിൽ നിന്നും(കുത്തകാവകാശം ലേലം കൊണ്ടിട്ടുള്ളവരിൽ നിന്നും) ആദായനികുതി ഈടാക്കുന്നതിനു പകരം തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ഒടുക്കു വരുത്തിയതായി കാണുന്നു.

| വർഷം | കിസ്റ്റ് തുക | ആദായനികുതി @ 2% | പലിശ | ആകെ തുക | വൌ. നം./ തീ |
|---|---|---|---|---|---|
| 2012-13 | 2,70,000 | 5400 | 2214 | 7614 | 35-07/16/26.07.16 |
| 2013-14 | 5,00,000 | 10000 | 3200 | 13200 | 34-07/16/26.07.16 |

| | | | | | |
|---|---|---|---|---|---|
| 2014-15 | 3,60,000 | 7200 | 1728 | 8928 | 33-07/16/26.07.16 |

2015-16 വർഷത്തെ കിസ്റ്റ് തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന്(നം. 27/03.10.17) മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതി ഒടുക്കുന്നതിനായി തനത് ഫണ്ടാണ് ഉപയോഗിച്ചത്. യഥാസമയം തുക ഒടുക്കിയിരുന്നെങ്കിൽ പലിശയിനത്തിലെ തുക ഒഴിവാക്കാമായിരുന്നു. ആദായ നികുതി വകുപ്പിന്റെ ഡിമാൻഡ് നോട്ടീസ് പ്രകാരം കണക്കു കൂട്ടി നൽകിയ പലിശ തുകയിൽ കൂടുതൽ തുക ഈ ഇനത്തിൽ അടവാക്കിയിട്ടുണ്ട്. തുക അടവാക്കിയതിലെ കാലതാമസം മൂലം പലിശയടക്കമാണ് ഒടുക്കേണ്ടി വന്നത്. ഇത്തരം ചെലവ് ന്യായീകരിക്കാവുന്നതല്ല.

കരാറുകാരിൽ നിന്നും ആദായനികുതി തുക വസൂലാക്കാൻ കത്തയച്ചതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. കരാറുകാരിൽ നിന്നും മേൽ തുക ഈടാക്കി ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കരാറുകാരിൽ നിന്നും ഈടാക്കേണ്ട കിസ്റ്റു തുക നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക (7614+13200+8928=29742) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 സമഗ്ര തെങ്ങ് കൃഷി വികസനം- മത്സ്യവളത്തിന് ഉയർന്ന നിരക്ക് ഈടാക്കി - അധികം നൽകിയത് - 75200/-

പ്രോജക്റ്റ് നം -S0225/17

നിർവ്വഹണം - കൃഷി ഫീൽഡ് ഓഫീസർ

ചെലവ് വിവരം - KBC-15/3 തീയതി 29-03-17 രൂപ 778140/-

-ഗുണഭോക്തൃവിഹിതം (FTO) രൂപ 259380/-

ടി പദ്ധതിയിൽ 15000 തെ ങ്ങുകൾക്ക് മത്സ്യ വളം നൽകുന്നതിന് മത്സ്യഫെഡ് വ്യാസാ സ്റ്റോർ അർത്തുങ്കൽ നിന്നും താഴെപ്പറയുന്ന വിധം മത്സ്യവളം വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| ന്യൂട്രിഫിഷ് മിക്സ് 20 kg ബാഗ് | 1002 എണ്ണം @ 360 = 360720/- |
| ന്യൂട്രിഫിഷ് മിക്സ് 50 kg ബാഗ് | 752എണ്ണം @900 = 676800/- |
| ആകെ | 1037520 |

04-11-16 ൽ ആലപ്പുഴ, മത്സ്യഫെഡിന്റെ ജില്ലാഓഫീസിൽ നിന്നുള്ള Mfed/Mktg/2016-17 നമ്പർ കത്ത് പ്രകാരം ന്യൂട്രിഫിഷ് മിക്സ് 50kg ബാഗിന്റെ വില 800/-രൂപയാണ്. എന്നാൽ 900/-രൂപ നിരക്കിലാണ്

വാങ്ങിയിട്ടുള്ളത്.(മത്സ്യഫെഡിന്റെ ബിൽ നം - 1098/16-17) ഉയർന്ന വില ഈടാക്കിയിട്ടുള്ളതിനാൽ അധികം നൽകാനിടയായി.

നിരക്കിലെ വ്യത്യാസം - 900-800 = 100

752 ബാഗിന് അധികം ഈടാക്കിയത് - 752 X 100 = 75200/-

വളത്തിന്റെ വില വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. അധികമായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 സമഗ്ര നെൽകൃഷി - പച്ചക്കറി വികസനം - സബ്സിഡി കൂടുതലായി അനുവദിച്ചു - നഷ്ടം 4080/-

പ്രോജക്ട് നം -S0127/17

നിർവ്വഹണം - കൃഷി ഫീൽഡ് ഓഫീസർ

ചെലവ് വിവരം - KBC-15/6 തീയതി 30-03-17 രൂപ 111000/-

നെൽകൃഷിക്ക് ശേഷം പാടത്തും വരമ്പത്തും പറമ്പിലും പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് സെന്റിന് 40 രൂപ ക്രമത്തിൽ കൃഷിച്ചെലവുകൾക്ക് സബ്സിഡിയായി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. താഴെപ്പറയുന്നവരുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണത്തിന് ആനുപാതികമായി സബ്സിഡി നൽകുന്നതിന് പകരം കൂടുതലായി തുക അനുവദിച്ചു.

| പേര് | അപേക്ഷ പ്രകാരം കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | അനുവദനീയമായ തുക | അനുവദിച്ചത് | അധികം |
|---|---|---|---|---|
| ജഗദമ്മ, കൊച്ചു ചിറയിൽ | 20 സെന്റ് | 800 | 1200 | 400 |
| സരസ്വതി അമ്മ, പുന്നയ്ക്കാപ്പള്ളിൽ | 18 സെന്റ് | 720 | 2000 | 1280 |
| സോമൻപിള്ള, തോപ്പുംപള്ളിൽ | 30 സെന്റ് | 1200 | 2000 | 800 |

| | | | | |
|---|---|---|---|---|
| ഉഷ.പി, കണ്ണോത്തുവെളി | 40 സെന്റ് | 1600 | 1800 | 200 |
| വിജയൻ പി.എൻ, കൊല്ലംപറമ്പ് | 45 സെന്റ് | 1800 | 3200 | 1400 |
| ആകെ | | | | 4080 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26.09.17)മറുപടി നൽകിയില്ല.

## 3-11 കാർഷിക പ്രോജക്ടുകളുടെ നിർവ്വഹണം - വിതരണരേഖകൾ അപൂർണം -48900/- തടസ്സപ്പെടുത്തുന്നു.

എ). സമഗ്ര തെങ്ങ് കൃഷിവികസനം(പ്രോജക്ട് നം -S0225/17), അടുക്കളത്തോട്ടം (പ്രോജക്ട് നം -S0129/17)എന്നീ പ്രോജക്ടുകൾ പ്രകാരം ഇടവിളകിറ്റ്, ഗ്രോബാഗ്, ഓർഗാനിക് വളം, വാഴവിത്ത്, ഇഞ്ചി, മഞ്ഞൾ എന്നിവ വിതരണം ചെയ്യുന്നതിന് KAICO, RAIDCO എന്നിവിടങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വാഴവിത്ത് | 15886 @10 =158860 |
| ഇടവിളകിറ്റ് | 4148 @600 = 2488800 |
| ഗ്രോബാഗ് | 27850 @14 = 389900 |
| ഇഞ്ചി | 2838 @ 70 = 198660 |
| ഓർഗാനിക് വളം | 27590 @ 20 = 551800 |
| മഞ്ഞൾ | 2830 @ 33.70 = 95371 |
| പച്ചക്കറി വിത്ത് | 2835 @25 = 70875 |
| ആകെ | 3954266/- |

മേൽപ്പറഞ്ഞ സാധനങ്ങൾ കൗൺസിലർമാർ മുഖേന വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇതനുസരിച്ച് കൗൺസിലർമാർ ഗുണഭോക്തൃവിഹിതം ശേഖരിച്ച് കൃഷിഭവനിൽ ഒടുക്കിയിട്ടുണ്ട്. സാധനങ്ങൾ ലഭിച്ചതിന് കൗൺസിലർമാരിൽ നിന്നുള്ള കൈപ്പറ്റ് രസീത്

സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന് കൗൺസിലർമാർ സമർപ്പിച്ച പേര് ഉൾപ്പെട്ട ലിസ്റ്റ് മാത്രമാണ് ഏക രേഖ. ഇങ്ങനെ ഹാജരാക്കിയ ലിസ്റ്റിൽ സാധനങ്ങൾ കൈപ്പറ്റിയതിന് ഏതാനും വാർഡുകളിൽ നിന്നുള്ള ലിസ്റ്റിൽ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി ലിസ്റ്റിൽ എത്ര അളവിൽ വിതരണം ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.വിതരണരേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) 24-ാം വാർഡിൽ ഇടവിള കിറ്റ് വിതരണം ചെയ്യുന്നതിന് കൗൺസിലർ 188 എണ്ണം കൈപ്പറ്റിയതായി കാണുന്നുണ്ടെങ്കിലും കൗൺസിലർ സമർപ്പിച്ച പേര് ഉൾപ്പെട്ട ലിസ്റ്റിൽ 157 പേർ മാത്രമാണ് സാധനങ്ങൾ കൈപ്പറ്റിയിട്ടുള്ളത്. വിതരണം ചെയ്യാത്ത 31 കിറ്റുകളുടെ വിലയായ 18600/- (31X600) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി) സമഗ്ര തെങ്ങ് കൃഷിവികസനം എന്ന പ്രോജക്ടിൽപ്പെടുത്തി മത്സ്യ വളം, വേപ്പിൻപിണ്ണാക്ക് എന്നിവ യഥാക്രമം 57640 kg, 28820 kg വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും 1010 kg മത്സ്യ വളവും 505 kg വേപ്പിൻപിണ്ണാക്കും വിതരണം ചെയ്തതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേരും അവർക്ക് നൽകേണ്ട വളത്തിന്റെ അളവും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ കൈപ്പറ്റിയതിന് രേഖയില്ല. വിതരണവിവരം ഇല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ആകെ തടസ്സപ്പെടുത്തിയ തുക 18600+30300=48900)

1010 @ 18 = 18180

505 @24 = 12120

ആകെ ..... 30300

<u>ചെലവു വിവരം</u>

ബിൽ നമ്പർ 2/16-17 തീയതി 29-03-17 രൂപ 70875/-

ബിൽ നമ്പർ 5/16-17 തീയതി 29-03-17 രൂപ 2511255/-

ബിൽ നമ്പർ 7/16-17 തീയതി 30-03-17 രൂപ829111/-

ബിൽ നമ്പർ 3/16-17 തീയതി 29-03-17 രൂപ778140/-

ചെക്ക് നം 856789തീയതി13-07-17 രൂപ15,00835/- ഗുണവിഹിതം (FTO)

## 3-12 സബ്സിഡി ബാങ്ക് അക്കൗണ്ട് മുഖേന നൽകിയില്ല - ജൈവവളം വാങ്ങി വിതരണം ചെയ്തത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ജൈവവളം വാങ്ങിയതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

<table>
<tr><th>പ്രോജക്ട്</th><th>വാങ്ങിയ ഇനം</th><th>അളവ്</th><th>തുക</th><th>ചെലവു വിവരം</th></tr>
<tr><td>സമഗ്ര തെങ്ങ് കൃഷിവികസനം(പ്രോജക്ട് നം -S0225/17 )</td><td>മത്സ്യ വളം</td><td>57640kg</td><td>1037520</td><td rowspan="4">ബിൽ നമ്പർ 2/16-17 തീയതി 29-03-17 രൂപ 70875/-<br>ബിൽ നമ്പർ 5/16-17 തീയതി 29-03-17 രൂപ 2511255/-<br>ബിൽ നമ്പർ 7/16-17 തീയതി 30-03-17 രൂപ829111/-<br>ബിൽ നമ്പർ 3/16-17 തീയതി 29-03-17 രൂപ778140/-<br>ചെക്ക് നം. 856789 തീയതി,13-07-17 രൂപ15,00835/- ഗുണവിഹിതം (FTO)</td></tr>
<tr><td></td><td>വേപ്പിൻപിണ്ണാക്ക്</td><td>28820kg</td><td>691680</td></tr>
<tr><td>അടുക്കളത്തോട്ടം (പ്രോജക്ട് നം -S0129/17)</td><td>ഓർഗാനിക് വളം</td><td>27590 @20=551800</td><td>551800</td></tr>
<tr><td>ആകെ</td><td></td><td></td><td>2281000</td></tr>
</table>

ജി. ഒ (ആർ.ടി) 2037/2016/തസ്വഭവ 30-06-16 -ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ ഭേദഗതി പ്രകാരം ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ പ്രോജക്ടുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ വളം വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. മേൽ നിർദ്ദേശം പാലിക്കാതിരുന്നത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖ ലംഘിച്ച പദ്ധതി നടപ്പാക്കിയതിനു വിശദീകരണം നൽകേണ്ടതാണ്.

## 3-13 ഗവ. ടൗൺ എൽ.പി. സ്കൂൾ അറ്റകുറ്റപണി-അപാകതകൾ

ടൗൺ എൽ.പി. സ്കൂൾ അറ്റകുറ്റപണിയ്ക്കായി ആയി മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും 7 ലക്ഷം രൂപ വകയിരുത്തി 599941/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോ നം. 125/16(സ്പിൽ ഓവർ നം. 07/17)

ഫയൽ നം. 11779/15)

കരാറുകാരൻ- വി. ശിവൻ

അളവ് പുസ്തകം നം. 7/2015

ടെണ്ടർ വ്യതിയാനം. 9% Below ER

പ്രോജക്ട് പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വെള്ളക്കെട്ടുള്ള സ്ഥലം നികത്തുന്നത് സംബന്ധിച്ചതായി ഒരു സൂചനയും ഇല്ല. എന്നാൽ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് -ബിയിൽ ഇനം 2 ആയി "Supplying 13.20 mm metal for filling water logged area" എന്ന പ്രവൃത്തി ഉൾപ്പെടുത്തി ആയത് പ്രകാരം അളവ് പുസ്തകം പുറം 20,23പ്രകാരം താഴെ പറയും പ്രകാരം അളവുകൾ രേഖപ്പെടുത്തി ഒരു ഘന മീറ്ററിന് 2270.38 എന്ന നിരക്കിൽ തുക നൽകിയിട്ടുണ്ട്.

| | | | | | |
|---|---|---|---|---|---|
| South Side | 1x1 | 22.50 | 2.40 | 0.15 | 8.10 |
| East Gate portion | 1x1 | 5.80 | 4.20 | 0.10 | 2.44 |
| | 1x1 | 3.20 | 2.60 | 0.10 | 0.83 |
| West Side | 1x1 | 2.00 | 0.80 | 0.10 | 0.16 |
| | | ആകെ | | | 11.53 |

എസ്റ്റിമേറ്റിനം 10 (Appdx A)ആയി ഗ്രാവൽ ഫില്ലിംഗിന് അനുവദിച്ചിരിക്കുന്ന നിരക്ക് ഒരു ഘനമീറ്ററിന് 1024.47/-രൂപയാണ്(റോഡ് വർക്കുകളിലും ഇതേ നിരക്കാണ് നൽകിയിട്ടുള്ളത്) .വെള്ളക്കെട്ട് ഒഴിവാക്കാൻ താഴ്ന്ന സ്ഥലം ഗ്രാവൽ നിറച്ച് ഉയർത്തുന്നതിന് പകരം 13.20mm metal ഉപയോഗിച്ചത് മൂലം അധിക ചെലവുണ്ടായി.

2. അളവ് പുസ്തകം പേജ് നം.74 ലും ഫൈനൽ ബില്ലിലും ഫയൽ കുറിപ്പിലും കരാറുകാരന് നികുതികളും മറ്റ് കിഴിവുകളും കുറച്ചതിന് ശേഷം നൽകേണ്ടതായ തുക 563885/- രൂപയാണ്. ട്രഷറി ബിൽ പ്രകാരം(നം. 01/16-17/28.10.16) പിൻവലിച്ച തുകയായ 5,99,941/- രൂപയിൽ നിന്നും VAT,IT,KCWWF എന്നിവ യഥാക്രമം 23998/-,6059/-,5999/- എന്നിവ കിഴിച്ചതിനു ശേഷമുള്ള തുക 563885/-രൂപയാണ്. എന്നാൽ ഡി.ഡി. നം. 256949/01.11.16 പ്രകാരം കരാറുകാരന് നൽകിയ തുക 562470/- രൂപയാണ്. കൂടാതെ തുകയുടെ കൈപ്പറ്റും ഫയലിൽ ലഭ്യമല്ല.

ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖയും അപാകതയിന്മേൽ വിശദീകരണവും ആരാഞ്ഞതിന് സ്കൂളിന്റെ താഴ്ന്ന പ്രദേശത്ത് ഗ്രാവൽ വിരിച്ചാൽ അത് ചെളിയായി കുട്ടികൾ തെന്നി വീഴാൻ സാധ്യതയുണ്ടെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർക്കാൻ വിട്ടുപോയതാണെന്നും അപാകത2-ന്മേൽ ഡി.ഡി./ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതുമാണെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

എർത്ത് ഫില്ലിംഗിന് അനുയോജ്യമായത് ഗ്രാവൽ ആണെന്ന് സാങ്കേതിക സ്പെസിഫിക്കേഷനുകളിലെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കാത്ത ഇനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയുള്ള പ്രവൃത്തികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നം. (2)-ലെ ന്യൂനതയുടെ അടിസ്ഥാനത്തിൽ പിൻവലിച്ച തുകയിൽ നിന്നും നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നൽകേണ്ട തുകയിൽ കുറവ് വന്ന തുക 1415/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(563885 - 562470) ടി തുകയുടെ വിനിയോഗം അറിയിക്കേണ്ടതാണ്.

## 3-14 കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം ചെയ്ത ടാറിംഗ് പ്രവൃത്തികൾക്ക് DSR2014 പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വില (50600/t) ഉൾപ്പെടുത്തിയാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു. പ്രവൃത്തികളുടെ പേരുവിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി /കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിൻ | ഈടാക്കേണ്ട കാലി വീപ്പയുടെ | ചെലവു വിവരം |
|---|---|---|---|

| | (കി.ഗ്രാം) | വില @250 | (ബിൽ നമ്പർ) |
|---|---|---|---|
| ചാലാപറമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് രതീഷ്. ഡി | 1178.23 (8ബാരൽ) | 2000 | 12/16-17 തീയതി 08-03-17 രൂപ245994/- |
| NSS കരയോഗം റോഡ് മെറ്റലിംഗ് & ടാറിംഗ് രതീഷ്. ഡി | 1192.25 (8ബാരൽ) | 2000 | 6/16-17 തീയതി 07-03-17 രൂപ245994/- |
| പുന്നവേലിക്ഷേത്രം- EMS വായനശാല റീടാറിംഗ് അരുൺലാൽ.എം | 1828 (12ബാരൽ) | 3000 | 34/16-17 തീയതി 30-03-17 രൂപ247746/- |
| വാട്ടർ അതോറിറ്റി -കൊച്ചുവെളി റോഡ് റീടാറിംഗ് കെ.ഡി.വരദകുമാർ | 1529 (10ബാരൽ) | 2500 | 35/16-17 തീയതി 30-03-17 രൂപ212594/- |
| വേളോർവട്ടം മൂർത്തിങ്കൽ റോഡ് റീടാറിംഗ് അരുൺലാൽ .എം | 1586.31 (10ബാരൽ) | 2500 | 36/16-17 തീയതി 30-03-17 രൂപ214589/- |
| കുന്നങ്കൽക്ഷേത്രം - കോനാട്ട് റോഡ് റീടാറിംഗ് സതീഷ്കുമാർ.എം | 1677 (11ബാരൽ) | 2750 | 05/16-17 തീയതി 25-01-17 രൂപ211905/- |
| കുറുന്തലായി -പത്ത്കണ്ടം റോഡ് മെറ്റലിംഗ് & ടാറിംഗ് രതീഷ്.ഡി | 1019 (7ബാരൽ) | 1750 | 9/16-17 തീയതി 07-03-17 രൂപ229723/- |
| ആകെ | | 16500 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 ദേശീയപാതയിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്ഥാപിക്കാത്ത ഒരു ലൈറ്റിന്റെ വില അധികമായി നൽകി - 11 എണ്ണം തെളിയുന്നില്ല -കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

പ്രോജക്ട്നം - 140/16

കരാറുകാരൻ - ഫ്രാഞ്ചോ എഞ്ചിനിയറിംഗ് കോർപ്പറേഷൻ, 11.10%കുറവ്

ചെലവു വിവരം -ബിൽ നമ്പർ 35/16-17 തീയതി,30-03-17 രൂപ-3794051/- (ഫൈനൽ ബിൽ)

അളവു പുസ്തകം - 68/2015

കരാർ നമ്പർ - 68/2015-16 തീയതി 19-02-16

എ). ദേശീയപാതയിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനിയർ, തിരുവനന്തപുരം ആണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയിതിന് സെന്റേജ് ചാർജ്ജായ 2.5 ലക്ഷം രുപ പൊതുമരാമത്ത് വകുപ്പിന്റെ ആലപ്പുഴ വൈദ്യുത വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ ഒടുക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കിയിട്ടുണ്ട്. (ചെക്ക് നമ്പർ 877779/09-09-15) എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് വരുന്ന ചെലവ് 9750000/- രൂപയാണ്. ടി തുകയുടെ 2.5% ആയ 243750/- രൂപ മാത്രം സെന്റേജ് ചാർജ്ജായി ഒടുക്കിയാൽ മതിയാകും. അധികമായി ഒടുക്കിയ 6250/- രൂപ മേൽ ഓഫീസിൽ നിന്നും ഈടാക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഈടാക്കുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി). ബഹു മുനിസിപ്പൽ ചെയർമാന്റെ നിർദ്ദേശാനുസരണം നഗരസഭ അധികൃതർ നടത്തിയ പരിശോധനയിൽ 130 LED ലൈറ്റുകൾ സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ടെങ്കിലും 23-ാംമത്തെ ലൈറ്റ് സ്ഥാപിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 23-ാംമത്തെ ലൈറ്റ് സ്ഥാപിച്ചിരുന്നുവെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. നിലവിൽ സ്ഥാപിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സ്ഥാപിക്കാത്ത ഒരു ലൈറ്റിന്റെ വിലയായ 26736/-( 25756 +980) കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

സി). ബഹു മുനിസിപ്പൽ ചെയർമാന്റെ നിർദ്ദേശാനുസരണം നടത്തിയ പരിശോധനയിൽ 130 LED ലൈറ്റുകൾ സ്ഥാപിച്ചതിൽ 11 ലൈറ്റുകൾ തെളിയുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഒരു ലൈറ്റിന്റെ ഗ്യാരന്റി പീരീഡ് 3 വർഷമാണെന്നും പ്രവൃത്തി സംബന്ധിച്ച് ഗ്യാരന്റി പീരീഡിനുള്ളിൽ വരുന്ന എല്ലാ കേടുപാടുകളും സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുമെന്ന് ടെണ്ടർ നോട്ടീസിൽ പറയുന്നുണ്ടെങ്കിലും ഈ വ്യവസ്ഥ 68/2015-16 നമ്പർ ഒറിജിനൽ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ സ്ഥാപിച്ച ലൈറ്റുകളുടെ തകരാർ കരാർ സ്ഥാപനത്തെ രേഖാമൂലം അറിയിച്ചെങ്കിലും നാളിതുവരെ പരിഹരിച്ചിട്ടില്ല. കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപം തിരികെ കൊടുത്തിട്ടില്ലാത്തിനാൽ അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതാണെന്നാണ് മറുപടിയിൽ

പറഞ്ഞിരിക്കുന്നത്. അതിനാൽ തെളിയാത്ത ലൈറ്റുകളുടെ വിലയായ 294096/-(11@26736) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു

7-ാം വാർഡിലെ 31-ാം നമ്പർ അംഗൻവാടിയുടെ ചുറ്റുമതിൽ നിർമ്മാണം

പ്രോജക്ട്നം - 25/17

കരാറുകാരൻ - T.അജയകുമാർ 9.99% കുറവ്

ചെലവു വിവരം -ബിൽ നമ്പർ 4/16-17 തീയതി11-01-17 രൂപ-211188/-

അളവു പുസ്തകം - 77/2016

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുസരിച്ച് ചെയ്യേണ്ടത് 40x20x20 cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണമാണ്. ഇതിന് അനുവദിച്ചിരിക്കുന്ന നിരക്ക് 6948.48/$m^3$ ആണ്. അളവുപുസ്തകം പേജ് 6,8 പ്രകാരം ചുറ്റുമതിൽ നിർമ്മിച്ചിരിക്കുന്നത് 15 cm കനത്തിലാണ്. അതിനാൽ നിർമ്മാണത്തിന് 40x20x15 cm സോളിഡ് ബ്ലോക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ 11.482 $m^3$ ഇപ്രകാരം ചെയ്തിട്ടും അനുവദിച്ചിരിക്കുന്ന നിരക്ക് 6948.48/$m^3$ ആണ്. ഒബ്സർവഡ് ഡേറ്റ പ്രകാരം 6948.48/$m^3$ നിരക്ക് വരുന്ന ഡേറ്റ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചതിൽ plinth up to floor V level വരെയുള്ളതിന്റെ നിരക്കാണ് 6948.48/$m^3$. ചുറ്റുമതിൽ നിർമ്മാണത്തിന് plinth up to floor II level വരെയുള്ളതിന്റെ നിരക്ക് അനുവദിച്ചാൽ മതിയാകും. അനുവദനീയമായ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 40x20x15 cm സോളിഡ് ബ്ലോക്ക് വാട്ടർചാർജജ് ഉൾപ്പെടെ | 3348.15 (മാർക്കറ്റ് നിരക്ക്) |
| കൂലി, മറ്റു ചെലവുകൾ , വാട്ടർചാർജജ് ഉൾപ്പെടെ | 1562.87 |
| ആകെ | 4911.02 |
| CPOH --- 4911.02@ 15% | 736.65 |
| | |
| കോസ്റ്റ് ഇൻഡക്സ് - - 1562.87 @53.33% | 833.48 |
| ആകെ (അനുവദനീയമായ നിരക്ക്) | 6481.15/M3 |

നിരക്കിലെ വ്യത്യാസം - 6948.48 – 6481.15 = 467.33/m3

അധികം നൽകിയത് - 11.482 m3 @467.33 = 5366

(-)ടെണ്ടർ വ്യതിയാനം 9.99% ----------- 536

അധികച്ചെലവ് ---- 4830/-

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 DRmasonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ഉയർന്ന നിരക്ക് അനുവദിച്ചു.

DRmasonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് നിരീക്ഷിത ഡേറ്റ പ്രകാരം 3849.46/$m^3$ നിരക്കിൽ കരാറുകാർക്ക് തുക അനുവദിച്ചിട്ടുണ്ട്. CPWD സ്പെസിഫിക്കേഷൻ 7.2.1 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സർവഡ് ഡേറ്റ പ്രകാരം ടി നിരക്ക് വരുന്നുണ്ടെങ്കിലും സ്പെസിഫിക്കേഷൻ കോഡ് 50.7.1.1 പ്രകാരമുള്ള ഒബ്സർവഡ് ഡേറ്റ പ്രകാരം ടിയിനത്തിന് അനുവദിക്കാവുന്ന നിരക്ക് ചുവടെ കൊടുക്കുന്നു.

| Description | Quantity | Rate | Amount |
|---|---|---|---|
| Stone for masonary work | 1.05 | 900 | 945 |
| Through bond stone | 7 | 1300/100 nos | 91 |
| Carriage of soling &masonary stone | 1.21 | 125.28 | 151.50 |
| mason | 0.80 | 399 | 319.20 |
| coolie | 0.70 | 329 | 230.30 |
| sundries | 45.76 | 1.78 | 81.45 |
| sundries | 4.42 | 1.78 | 7.87 |
| Total | | | 1826.41 |
| Add water charge | | | 18.26 |
| Total | | | 1844.67 |
| Add CPOH 15% | | | 276.70 |
| Total | | | 2121.35 |
| Cost index 53.33% | | | 1131.31 |

| | | | |
|---|---|---|---|
| Total | | | $3252.66/m^3$ |

നിരക്കിലെ വ്യത്യാസം - 3849.46 -3252.66 = $596.8/m^3$

താഴെപ്പറയുന്ന പ്രവൃത്തികളിലാണ് ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളത്.

എ) അങ്കണവാടി -ചാവടിപറമ്പ് റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ്, വാർഡ്-10

ബി) മുന്നൂറ്റി തൈപ്പറമ്പ് തോട് കല്ലുകെട്ടി സംരക്ഷണം വാർഡ് -24

അർഹമായ നിരക്ക് മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 സബ്സിഡി കൈപ്പറ്റിയ ഗ്രൂപ്പുകൾ തുടർപ്രവർത്തനം നടത്തുന്നില്ല- തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കയർ പ്രോത്സാഹന പദ്ധതി (പ്രൊജക്റ്റ് നം.228). ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി തൻവർഷം 6,00,000/-രൂ(ട്രഷറി ബിൽ നം. 1/16-17 തീയതി 31.3.17) പിൻവലിച്ച് ഈ മേഖലയുമായി ബന്ധപ്പെട്ട 24 ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 25000 രൂ വീതം ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ ഗ്രൂപ്പുകളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടതായി കാണുന്നില്ല. പദ്ധതിയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ പാസ്സ് ബുക്ക്, കാഷ് ബുക്ക്, തുക വിനിയോഗിച്ച രേഖകൾ എന്നിവ പരിശോധിച്ചതിൽ ഈ തുക ഉപയോഗിച്ച് എല്ലാ ഗ്രൂപ്പുകളും ചകിരി വാങ്ങിച്ച ശേഷം വാങ്ങിയ ചകിരി അതാത് ഗ്രൂപ്പിലെ അംഗങ്ങൾക്ക് വിഭജിച്ച് കൊടുക്കുക എന്ന പ്രവർത്തനം മാത്രമാണ് നടത്തിയിരിക്കുന്നത്. ഗ്രൂപ്പുകൾക്ക് സബ്സിഡിയായി സാമ്പത്തിക സഹായം നൽകുമ്പോൾ റിവോൾവിംഗ് ഫണ്ട് എന്ന നിലയിൽ ലഭിക്കുന്ന വിറ്റുവരവ് ഗ്രൂപ്പിന്റെ തുടർപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതാണ്, ഇപ്രകാരം ഗ്രൂപ്പംഗങ്ങളുടെ സാമ്പത്തിക പുരോഗതിയാണ് ലക്ഷ്യമിടുന്നത്. ആനുകൂല്യം കൈപ്പറ്റുന്നതിനായി രൂപീകരിക്കപ്പെട്ട ഈ ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനം നടക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഇതിലേക്കായി ചെലവഴിച്ച 600000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 ഭവനനിർമ്മാണം- പൂർത്തീകരണ വിവരമില്ല - മുഴുവൻ തുകയും നൽകി

നിർവ്വഹണം – പട്ടികജാതി വികസന ഓഫീസർ

2015-16 ലെ ഭവനനിർമ്മാണ പദ്ധതി യിൽപ്പെടുത്തി ശ്രീ. സി.എ പുരുഷൻ, വട്ടയ്ക്കാട്ടുവെളി എന്നയാൾക്ക്

തൻവർഷം 2,3,4,5 ഗഡു തുകയായി യഥാക്രമം 60000/-, 60000/-, 40000/-, 20000/- എന്നിങ്ങനെ തുക നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ ഫയൽ പരിശോധിച്ചതിൽ 4-02-17 ൽ 3-ാം ഗഡു തുക അനുവദിച്ചു തരണമെന്ന് കാണിച്ചുകൊണ്ട് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ സാങ്കേതിക വിഭാഗത്തിന് കൈമാറുന്നതിന് കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടോ ഗുണഭോക്താവിന്റെ അപേക്ഷയോ പൂർത്തീകരണ സർട്ടിഫിക്കറ്റോ ഇല്ലാതെ മുഴുവൻ തുകയും നൽകിയത് ക്രമ പ്രകാരമല്ല. അതിനാൽ 3,4,5 ഗഡു തുകക്കായി ചെലവഴിച്ച 120000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവു വിവരം - ബിൽ നമ്പർ 7/16-17 തീയതി 29-03-17 രൂപ 60000/-

ബിൽ നമ്പർ 12/16-17 തീയതി 31-03-17 രൂപ 40000/-

ബിൽ നമ്പർ 15/16-17 തീയതി 31-03-17 രൂപ 20000/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

## 3-20 ആദ്യ ഗഡു കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവ്വഹണം- എസ്.സി.ഡി.ഒ

മുൻ വർഷങ്ങളിലെ ഭവന നിർമ്മാണ/ഭവന പുനരുദ്ധാരണ പ്രോജക്ട് പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

| പേരു വിവരം | പ്രോജക്ട് വർഷം | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| കമല, കൊയ്തുരുത്തിവെളി വാർഡ് -12 | 2015-16 | 12500 | ഭവന പുനരുദ്ധാരണം |
| ചന്ദ്രമതി, വാളാശ്ശേരി വാർഡ് - 16 | ടി | 12500 | ടി |
| ബാബുലാൽ, കൊയ്തുരുത്തിവെളി വാർഡ് -12 | ടി | 12500 | ടി |
| കെ.വി.പുരുഷൻ, കറുകത്തറ, വാർഡ് -19 | ടി | 20000 | ഭവന നിർമ്മാണം |

പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ

ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല

## 3-21 തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങൽ നടത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിന് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തടസ്സപ്പെടുത്തുന്ന തുക | ട്രഷറി ബിൽനം/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 77 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 505332 (ആകെചെലവഴിച്ച 1500000/- രൂപയിൽ 994668/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട് | 2/.16-17 തീയതി13.1.17 | ഔഷധി |
| 2 | 230 | സമഗ്ര ആരോഗ്യ ആയുർവേദ ആശുപത്രിക്ക് മരുന്ന് വിതരണം | 21739 (ആകെ ചെലവഴിച്ച 729698/-രൂപയിൽ 707959 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്) | 1/16-17 തീയതി.19.12.16 3/16-17 തീയതി.31.3.17 | ഔഷധി |
| | | ആകെ | 527071 | | |

## 3-22 ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ-(പ്രോജക്ട് നം. S094/17)സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല

ഹെൽത്ത് ഓഫീസർ നടപ്പാക്കിയ ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി ബിൽ നം.10/31-3-17 പ്രകാരം 198625 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്കായി റെയ്ഡ്കോ യിൽ നിന്നും താഴെപറയുന്ന സാധനങ്ങളും ഉപകരണങ്ങളും വാങ്ങി.

| ഇനം | അളവ് | യൂണിറ്റ് വില | ആകെ | നികുതി നിരക്ക് |
|---|---|---|---|---|
| കുമ്മായം | 2000 kg | 14.29 | 28580 | 5% |
| ബ്ളീച്ചിംഗ് പൌഡർ | 1000kg | 34.28 | 34280 | 5% |
| ഗംബൂട്ട് | 12pkt | 547,62 | 6571.44 | 5% |
| ഗ്ളൌസ് | 150 No. | 104.76 | 15714 | 5% |
| മാസ്ക് | 100 | 76.19 | 7619 | 5% |
| ഹാർപിക് | 75 | 69.87 | 5240.25 | 15% |
| ഫിനൈൽ | 10 | 952.28 | 9522.80 | 5% |
| പുൽത്തൈലം | 10 Ltr | 1190.37 | 11903.70 | 5% |
| പെർഫ്യൂമ്ഡ് ലോഷൻ | 15 Ltr | 333.33 | 4999.95 | 5% |
| ചവർ വരണ്ടി | 10 | 250 | 2500 | - |
| തുമ്പ | 10 | 350 | 3500 | - |
| ടോയ് ലറ്റ് ബ്രഷ് | 10 | 85.71 | 857.10 | 5% |
| ചുക്കിലിവല ബ്രഷ് | 5 | 142.86 | 714.30 | 5% |
| പൈരത്രം | 3 Ltr | 2095.24 | 6285.72 | 5% |
| ലാർവിസൈഡ് | 10 Ltr | 1666.66 | 16666.70 | 5% |
| മോപ്പ് | 5 | 190.48 | 952.40 | 5% |
| കൊട്ടവാൾ | 5 | 700 | 3500 | - |
| പിക്കാസ് | 3 | 650 | 1950 | - |
| വുഡ്കട്ടർ | 1 | 20000 | 20000 | - |
| കുട്ട | 15 | 309.52 | 4642.80 | - |
| മൺകോരി | 3 | 300 | 900 | - |
| പ്ളാസ്റ്റിക് പ്ളക്കർ | 10 | 238.09 | 2380.90 | 5% |
| | | | 189281.06 | |
| | നികുതി | | 9344.38 | |

| | | | |
|---|---|---|---|
| | ആകെ | 198625 | |

എന്നാൽ ഇവയിൽ കുമ്മായവും ബ്ളീച്ചിംഗ് പൌഡറും മാത്രമാണ് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തിട്ടുള്ളത്. ഇവ യഥാക്രമം 50 kg,25kg വീതം വാർഡ് കൌൺസിലർ മാർക്ക് നൽകിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. വാർഡ് കൌൺസിലർ മാർ ഇവ ഏതുരീതിയിലാണ് വിനിയോഗിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ബാക്കി സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതായോ വിതരണം ചെയ്തതാതായോ ഉള്ള രേഖകൾ ഹാജരാക്കിയില്ല.മാത്രമല്ല സ്റ്റോക്ക് ഭൌതിക പരിശോധനയ്ക്ക് വിധേയമാക്കിയുമില്ല. ആയതിനാൽ ചെലവ് തുക 198625രൂപ തടസ്സപ്പെടുത്തുന്നു.

## 3-23 സാനിറ്ററി ലാന്റ് ഫില്ലിംഗ്.(പ്രോജക്ട് നം. S095/17) ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം- ഹെൽത്ത് സൂപ്പർവൈസർ

മുനിസിപ്പൽ പ്രദേശത്തുനിന്നും ഒരു ദിവസം ഒരു ടൺ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെന്നും ഇത് 15m$^2$ഏരിയയിൽ ഇട്ടാൽ ഇതിനു മുകളിൽ 30cm കനത്തിൽ ഗ്രാവൽ വിരിക്കുന്നതിന് ഒരുദിവസം 4.50m$^3$ ആവശ്യമാണ് എന്ന് കണക്കാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കുകയും ഇതിനായി 253.76m$^3$ ഗ്രാവൽ സപ്ളൈ ചെയ്തതിന് ശ്രീ.ധനീഷ്കമാർ, കുന്നംപുറം എന്നയാൾക്ക് m$^3$ന് 790 രൂപ വച്ച് രണ്ട് ലക്ഷം രൂപ നൽകുകയുമുണ്ടായി. (ബിൽ നം.9/31-3-17) എന്നാൽ മാലിന്യം ശേഖരിച്ചതിന്റെ രേഖകൾ, സംസ്കരിച്ചതിന്റെ രേഖകൾ, ഗ്രാവൽ ഉപയോഗിച്ചതിന്റെ രേഖകൾ തുടങ്ങിയവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടിയൊന്നും നൽകിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക രണ്ട് ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 വിവിധ പ്രോജക്ടുകളിലായി മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചില്ല.

നഗര ദാരിദ്ര്യ നിർമ്മാർജന സെൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് മുൻകൂർ ആനുകൂല്യം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1) ഭവന നിർമ്മാണ പ്രോജക്ടുകൾ

നഗര ദാരിദ്ര്യ നിർമ്മാർജന സെൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് മുൻകൂർ ആനുകൂല്യം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1) ഭവന നിർമ്മാണ പ്രോജക്ടുകൾ

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | S036/17200000 (S.O) | 52 | 8 | 2015/16 ൽ പ്രോജക്ട് നം. S007/16ആയി ആരംഭിച്ച പ്രോജക്ടിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരിൽ 5പേർ 180000രൂപയും 3പേർ 140000രൂപയും വാങ്ങിയിട്ടുണ്ട് |
| 2 | S039/17200000 (S.O) | 8 | 1 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന നിർമ്മാണത്തിന് 2014/15 ൽ തയ്യാറാക്കിയ പ്രോജക്ടിൽ 2014/15 ൽ 80000 രൂപ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഒരാൾ ശേഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | S040/17200000 (S.O) | 61 | 26 | 2014/15 ൽ തയ്യാറാക്കിയ പ്രോജക്ടിൽ ഒരാൾ 20000 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |
| 4 | S043/17200000 (S.O) | 20 | 8 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന നിർമ്മാണത്തിന് 2015/16 ൽ തയ്യാറാക്കിയ പ്രോജക്ടാണിത് |

2) വീട് ഗുണമേൻമ വർദ്ധന

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | S037/1710000 (S.O) | 136 | 18 | 2015/16 ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2015/16 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 18പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | S039/1710000 (S.O) | 4 | 2 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന ഗുണമേൻമ വർദ്ധനവിന് 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 2പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 3 | S041/1710000 (S.O) | 325 | 19 | 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 19പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 4 | S062/1720000 | 316 | 13 | ഒന്നാം ഗഡു 10000 രൂപ കൈപ്പറ്റിയ 13 പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |

3) കക്കൂസ് നിർമ്മാണം.

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | S038/178000 | 152 | 45 | 2015/16ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2015/16ൽ ഒന്നാം ഗഡു 4000 രൂപ കൈപ്പറ്റിയ 45പേർ കക്കൂസ് നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 2 | S042/17 8000 | 151 | 13 | 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15ൽ ഒന്നാം ഗഡു 4000 രൂപ കൈപ്പറ്റിയ 13പേർ കക്കൂസ് നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |

മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളേക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | S036/17200000 (S.O) | 52 | 8 | 2015/16 ൽ പ്രോജക്ട് നം. S007/16ആയി ആരംഭിച്ച പ്രോജക്ടിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരിൽ 5പേർ 180000രൂപയും 3പേർ 140000രൂപയും വാങ്ങിയിട്ടുണ്ട് |
| 2 | S039/17200000 (S.O) | 8 | 1 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന നിർമ്മാണത്തിന് 2014/15 ൽ തയ്യാറാക്കിയ പ്രോജക്ടിൽ 2014/15 ൽ 80000 രൂപ കൈപ്പറ്റി നാളിതുവരെ ഭവന |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണം പൂർത്തിയാക്കാത്ത ഒരാൾ ശേഷിക്കുന്നു. |
| 3 | S040/17200000 (S.O) | 61 | 26 | 2014/15 ൽ തയ്യാറാക്കിയ പ്രോജക്ടിൽ ഒരാൾ 20000 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |
| 4 | S043/17200000 (S.O) | 20 | 8 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന നിർമ്മാണത്തിന് 2015/16 ൽ തയ്യാറാക്കിയ പ്രോജക്ടാണിത് |

2) വീട് ഗുണമേൻമ വർദ്ധന

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | S037/1710000 (S.O) | 136 | 18 | 2015/16 ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2015/16 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 18പേർ |

| | | | | |
|---|---|---|---|---|
| | | | | വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 2 | S039/1710000 (S.O) | 4 | 2 | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെയും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ച അപേക്ഷകർക്ക് ഭവന ഗുണമേൻമ വർദ്ധനവിന് 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 2പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 3 | S041/1710000 (S.O) | 325 | 19 | 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15 ൽ ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ 19പേർ വീടിന്റെ അറ്റകുറ്റ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 4 | S062/1720000 | 316 | 13 | ഒന്നാം ഗഡു 10000 രൂപ കൈപ്പറ്റിയ 13 പേർ വീടിന്റെ അറ്റകുറ്റ പണി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |

3) കക്കൂസ് നിർമ്മാണം.

| ക്രമ നം | പ്രോജക്ട് നം/ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തിയാക്കാത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | S038/178000 | 152 | 45 | 2015/16ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2015/16ൽ ഒന്നാം ഗഡു 4000 രൂപ കൈപ്പറ്റിയ 45പേർ കക്കൂസ് നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |
| 2 | S042/17 8000 | 151 | 13 | 2014/15ൽ തയ്യാറാക്കിയ പ്രോജക്ടാണിത്. 2014/15ൽ ഒന്നാം ഗഡു 4000 രൂപ കൈപ്പറ്റിയ 13പേർ കക്കൂസ് നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയിട്ടില്ല. |

മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളേക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യ നടപടി സ്വീകരിക്കേണ്ടതാണ് .

## 3-25 മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

04.10.2011-ലെ സ.ഉ. (പി)നം.419/11 /ധനം. നമ്പർ സർക്കാർ ഉത്തരവിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കുന്ന താത്കാലിക മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മുൻകൂർ നൽകിയതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയും നിശ്ചിത സമയത്തിനുള്ളിൽ ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത മുൻകൂർ തുകയും അനുവദനീയമായ സമയ പരിധി കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം നല്കിയ 88,300/- രൂപയുടെ താത്കാലിക മുൻകൂറുകൾ നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ലാ യെന്ന് കാണുന്നു.

| ക്രമ നം. | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | തുക | വൌ നം. /തീ. | റിമാർക്സ് |
|---|---|---|---|---|
| 1. | രശ്മി. പി.ഡ.ബ്ല്യൂ.ഒ. III | 15000 | 04.06-16/ 01.06.16 | ബാറ്ററി പർച്ചേസ് |
| 2. | രാം പ്രസാദ് കെ.എം. സീ.ക്ലർക്ക് | 2000 | 90-6/16/ 24.06.16 | വായനാ വാരം |
| 3. | ദിവ്യ എസ്. ദിനകരൻ, ജെ.എച്ച്.ഐ. | 6000 | 43-08/16/ 11.08.16 | സ്വാതന്ത്ര്യദിനാഘോഷം |
| 4. | ജെ. മുഹമ്മദ് ഷാഫി,സെക്രട്ടറി | 25000 | 74-10/16/ 26.10.16 | മീറ്റിംഗ്- ഡെൽഹി |
| 5. | സിമി, പി.ഡ.ബ്ല്യൂ.ഒ | 2800 | 40-12/16/ 27.12.16 | സി.എഫ്. ടെസ്റ്റ് |
| 6 | ലാലച്ചൻ വി.എം., ആർ. ഐ | 15000 | 61-02/17/ 27.02.17 | ലേലം |

| | | | | |
|---|---|---|---|---|
| 7 | ദീപ്തി പി.എൻ., ജെ.എച്ച്. ഐ | 2500 | 71-03/17/ 23.03.17 | വിമുക്തി |
| 8 | ജഗദീശൻ, പി.ഡ.ബ്ല്യു.ഒ | 15000 | 82-03/17/ 24.03.17 | അറ്റകുറ്റപണി |
| 9 | ലാലച്ചൻ വി.എം., ആർ. ഐ | 5000 | 85-03/17/ 25.03.17 | ടാക്സ് കളക്ഷൻ |
| | ആകെ | 88,300/- | | |

യഥാസമയം ക്രമീകരണ ബിൽ ഹാജരാക്കാത്ത മുഴുവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കൂടാതെ മുൻകൂർ രജിസ്റ്റർ പ്രകാരം 2002-03 സാമ്പത്തിക വർഷം മുതലുള്ള മുൻകൂറുകൾ നാളിതുവരെയായും ക്രമീകരിച്ചിട്ടില്ലെന്ന് കാണുന്നു. ക്രമീകരിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം. | തുക. |
